# മഴത്തുള്ളികൾ

## അധ്യാപക സഹായി

# 1

IAME®

ISO 9001-2008 Certified

Since 1998

**IDEAL ASSOCIATION FOR MINORITY EDUCATION®**

ISO 9001-2008 Certified

Markaz Complex Annex, IInd Floor, Mavoor Road, Kozhikode-4, Kerala, India

Tel: +91 495 2723208, www.iameonline.com, E-mail: info@iameonline.com

Published by:

IAME®

ISO 9001-2008 Certified

Since 1998

**IDEAL ASSOCIATION FOR MINORITY EDUCATION®**

Markaz Complex Annex, Mavoor Road, Kozhikode - 673 004
Kerala, India

**MAZHATHULLIKAL**

STD: I

(Hand Book)

First Edition: March 2017

Second Edition: March 2019

© All rights reserved, IAME

# ആമുഖം

ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്നതിലൂടെ ഔപചാരിക വിദ്യാഭ്യാസത്തിലേക്ക് കുട്ടികൾ കടക്കുകയാണ്. ആശയ സ്വീകരണത്തിനും പ്രകടനത്തിനും പ്രയോജനപ്പെടുന്ന മാധ്യമമാണ് ഭാഷ. അതുകൊണ്ടു തന്നെ ആശയം സ്വീകരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിന്നും ക്ലാസ്സിൽ അവസരമുണ്ടാകണം. ശ്രവണത്തിലൂടെയും വായനയിലൂടെയും ആശയം സ്വീകരിച്ചും ഭാഷണത്തിലൂടെയും എഴുത്തിലൂടെയും ആശയം പ്രകടിപ്പിക്കാനും കഴിയണം.

ഭാഷാ പഠനത്തിന് ചിന്ത ആവശ്യമാണ്. ഇതിന് സഹായകമായി ഓരോ പാഠഭാഗവും കുട്ടിയുടെ ചിന്തക്ക് വിധേയമാക്കണം. അതിനാവശ്യമുള്ള വിവിധ തന്ത്രങ്ങൾ ടീച്ചർക്ക് സ്വീകരിക്കാം. പാഠഭാഗം വായിക്കുന്നതിനുമുമ്പ് ആ പാഠഭാഗത്തെ വാക്യങ്ങൾ ഉത്തരമായിവരുന്ന ചോദ്യങ്ങളിലൂടെയോ ചർച്ചയിലൂടെയോ പാഠം രൂപീകരിക്കുന്നതാവും നല്ലത്. കുട്ടിയുടെ കൂടി പങ്കാളിത്തത്തോടെ രൂപീകരിക്കുന്ന പാഠത്തിൽ നിന്ന് പദങ്ങളും അക്ഷരങ്ങളും തിരിച്ചറിയാൻ കുട്ടിക്ക് എളുപ്പമാകും. കുട്ടിയുടെ ചിന്തക്ക് പ്രാധാന്യം നൽകുന്നതിനുവേണ്ടിയാണ് പഠന പ്രക്രിയയിലൂടെ കുട്ടിയെ കടത്തിവിടുന്നത്. യാന്ത്രികമായി അക്ഷരങ്ങളും പദങ്ങളും പഠിക്കുന്ന രീതിയിൽ നിന്നുള്ള പ്രയാസം ഇതുമൂലം ഒഴിവാകും.

ഓരോ പാഠഭാഗവും ഓരോ വ്യവഹാര രൂപത്തിലാണ് രൂപീകരിച്ചിരിക്കുന്നത്. കഥ, കവിത, സംഭാഷണം, വിവരണം എന്നീ രൂപങ്ങൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്.

ഒന്നാം ക്ലാസിലെ ഭാഷാ പഠനത്തിലൂടെ അക്ഷരങ്ങൾ ചിഹ്നങ്ങൾ, കൂട്ടക്ഷരങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും, വായിക്കുന്നതിനും എഴുതുന്നതിനും ഊന്നൽ നൽകുന്നു. വ്യവഹാര രൂപങ്ങൾ തിരിച്ചറിയാനും. ശ്രവണം ഭാഷണം എന്നീ കഴിവുകൾ വികസിപ്പിക്കാനും ലക്ഷ്യമിടുന്നു. കൂടാതെ ചില മൂല്യങ്ങളും മനോഭാവങ്ങളും രൂപീകരിക്കുകയും വേണം.

ഒന്നാം ക്ലാസിലെ ഭാഷാപഠനമെന്ന ലക്ഷ്യത്തിനു പുറമേ ഓരോ പാഠഭാഗത്തിനും ഓരോ പ്രവർത്തനത്തിനും ലക്ഷ്യമുണ്ട്. ഓരോ പ്രവർത്തനം ചെയ്യുമ്പോഴും ആ ലക്ഷ്യം നേടുന്നുവെന്ന് ടീച്ചർ വിലയിരുത്തണം.

പാഠ പുസ്തകത്തിന്റെ തുടർച്ചയായിട്ടാണ് വർക്കുബുക്ക് ഉപയോഗിക്കേണ്ടത്. ആവശ്യമായ പഠന ഉപകരണങ്ങൾ ഉപയോഗിച്ച് ഭാഷാ പഠനം രസകരമായ അനുഭവമാക്കി മാറ്റേണ്ടത് ടീച്ചറാണ്.

# പാഠം 1
# എന്റെ വീട്

*കുട്ടിയുടെ നൈസർഗിക ഭാഷാശേഷികളായ ശ്രവണം ഭാഷണം എന്നിവ വികസിപ്പിക്കുന്നതിന് പരമാവധി അവസരങ്ങൾ ഒരുക്കുക എന്നതാണ് ഈ പാഠത്തിന്റെ ലക്ഷ്യം. അധ്യാപികയും സഹപാഠികളും പറയുന്നത് കേൾക്കുകയും സ്വതന്ത്രമായി ഭാഷണത്തിലേർപ്പെടുകയും ചെയ്യുന്നതിന് ധാരാളം അവസരങ്ങൾ ഈ പാഠഭാഗത്തിലൂടെ കുട്ടിക്ക് ലഭിക്കണം. ചിത്രങ്ങൾ, സംഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവയെക്കുറിച്ച് ഭാഷണത്തിലേർപ്പെടാൻ കുട്ടികൾക്ക് കഴിയും. പാഠപുസ്തകത്തിലെ ചിത്രങ്ങൾ നിരീക്ഷിച്ചു പറയുന്നതോടൊപ്പം തന്റെ വീടും പരിസരവുമായി കോർത്തിണക്കി പറയാനും അവസരം ലഭിക്കണം. ചിത്രത്തിൽ കാണുന്ന കാഴ്ചകളിൽ നിന്നുള്ള കേവല വിവരശേഖരണത്തിനപ്പുറം കുട്ടിയുടെ ഭാവനയും ചിന്തയും ഉണർത്തുന്ന പ്രവർത്തനങ്ങൾ ക്ലാസിൽ നടക്കണം. കുട്ടിക്ക് പരിചിതമായ വ്യവഹാര രൂപങ്ങളായ കഥ, കവിത, സംഭാഷണം തുടങ്ങിയവക്ക് അവസരം ലഭിക്കണം. അക്ഷരം എഴുതുന്നതിനു മുമ്പുള്ള പ്രാഗ്ലേഖന പ്രവർത്തനങ്ങൾക്കും ഈ പാഠത്തിൽ ഇടം നൽകിയിട്ടുണ്ട്. ആദ്യത്തെ രണ്ടാഴ്ചക്കാലം ഈ പാഠഭാഗത്തിനായി ഉപയോഗിക്കാം. ഒന്നാം ക്ലാസ്സിൽ വന്നു ചേർന്ന കുട്ടികളുടെ നിലവാരം അളന്നു രേഖപ്പെടുത്താൻ ടീച്ചർക്ക് കഴിയണം.*

## മൂല്യങ്ങൾ / മനോഭാവങ്ങൾ

- പ്രകൃതി സ്നേഹം വളർത്തുന്നതിന്.
- സകല ജീവജാലങ്ങളെയും സഹജീവികളായി കാണുന്നതിന്.
- ജീവജാലങ്ങളുടെ സംരക്ഷണം നമ്മുടെ കടമയാണെന്ന് തിരിച്ചറിയുന്നതിന്.
- കുടുംബബന്ധങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്.
- ശുചിത്വ ബോധം വളർത്തുന്നതിന്.

## പ്രവർത്തനങ്ങൾ

- കുട്ടികളുടെ വീട്, പരിസരം എന്നിവയെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ട് തുടങ്ങാം.
- നിങ്ങളുടെ വീട് എവിടെയാണ്?
- വീട്ടിൽ ആരെല്ലാമുണ്ട്?
- ഏതെങ്കിലും ജീവികളെ വീട്ടിൽ വളർത്തുന്നുണ്ടോ?
- ആരൊക്കെയാണ് നിങ്ങളുടെ കൂടെ കളിക്കാറ്?
- വീടിന്റെ പരിസരത്ത് മറ്റെന്തെല്ലാം ഉണ്ട്?

ചോദ്യങ്ങൾക്ക് കുട്ടികൾ പ്രതികരിക്കട്ടെ...

കൂടുതൽ ചോദ്യങ്ങൾ ടീച്ചർക്ക് കൂട്ടിച്ചേർക്കാം. ടീച്ചർ ഒരു കഥ പറയുന്നു.

അരുൺ ഒന്നാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയാണ്. അമ്മുവും ആതിരയും അവന്റെ കൂട്ടുകാരാണ്. ഒഴിവുദിവസം അവർ അരുണിന്റെ വീട്ടിൽ ഒത്തുകൂടും, മാവിന്റെ ചുവട്ടിലിരുന്ന് കളിക്കും.

- എന്തൊക്കെ കളികളായിരിക്കും കളിക്കുക?
- പിന്നെ എന്തൊക്കെ ചെയ്തു കാണും?

- ഒഴിവു ദിവസങ്ങളിൽ നിങ്ങൾ എന്തൊക്കെ ചെയ്യും?

അരുണും ആതിരയും അമ്മുവും ചെയ്തതെന്താണെന്നറിയണ്ടേ? പാഠപുസ്തകത്തിലെ ചിത്രം നിരീക്ഷിക്കുന്നു.

- അരുണിന്റെ വീടും പരിസരവും ഇഷ്ടമായോ? എന്തുകൊണ്ട്?
- മുറ്റത്ത് കളിക്കുന്നതാരെല്ലാം?
- കുറിഞ്ഞിപൂച്ചക്ക് സന്തോഷമാണോ? സങ്കടമാണോ?
- എന്തായിരിക്കും കുറിഞ്ഞിപൂച്ചയും നായക്കുട്ടിയും തമ്മിൽ സംസാരിക്കുന്നത്?

തുടർന്ന് പാഠ ഭാഗത്തിലെ ചിത്രങ്ങൾ, സംഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവ നിരീക്ഷിച്ച് മുമ്പ് നടന്നിട്ടുള്ളതും, ഇനി നടക്കാനുള്ളതുമായ കാര്യങ്ങൾ ഉൾപ്പെടെ കുട്ടികൾക്ക് ചിന്തിക്കാനും ഭാവന ഉണർത്താനും ഉതകുന്ന ചോദ്യങ്ങൾ ടീച്ചർ കണ്ടെത്തണം. എല്ലാ കുട്ടികൾക്കും അവസരം നൽകണം. ചോദ്യങ്ങൾ മാറ്റി മാറ്റി നൽകണം. ശ്രവണത്തിനും ഭാഷണത്തിനും പരമാവധി അവസരം നൽകണം.

തുടർന്ന് ചിത്രത്തിലെ കുട്ടികൾ, കിളികൾ, പശു, തൊഴുത്ത്, കോഴി, കോഴിക്കൂട്, പക്ഷിക്കൂട്, മാവ്, മാങ്ങ, പൂവ്, പൂന്തോട്ടം റോസ്, കാറ്, പന്ത്, കിണർ, തെങ്ങ്, തുടങ്ങി എന്തെങ്കിലും കഥാപാത്രങ്ങൾ, സംഭവങ്ങൾ ഉൾപ്പെടുന്ന കഥയോ, കവിതയോ സംഭാഷണമോ വിവരണമോ കുട്ടികൾക്ക് സ്വന്തമായി അവതരിപ്പിക്കാൻ ഉതകുന്ന ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു. കുട്ടികൾ നിർമ്മിക്കുന്ന കഥകൾക്കും പാട്ടുകൾക്കും ശേഷം ടീച്ചറും സ്വന്തമായി നിർമ്മിച്ച് അവതരിപ്പിക്കുമല്ലോ.

## വരച്ചു ചേർക്കാം (ടെക്സ്റ്റ് ബുക്ക്)

ചിത്രവായനയിലൂടെയും ചർച്ചയിലൂടെയും ആശയം രുപീകരിക്കുന്നതിനും വരച്ച് ചേർക്കുന്നതിനുമുള്ള പ്രവർത്തനമാണിത്.

കുട്ടികൾ ചിത്രങ്ങൾ നിരീക്ഷിക്കട്ടെ.

രണ്ടു ഭാഗത്തുമുള്ള ചിത്രങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്തട്ടെ :

വ്യക്തിഗതമായി വരയ്ക്കുന്നു - അവതരിപ്പിക്കുന്നു - ബന്ധം വിശദീകരിക്കുന്നു.

വ്യത്യസ്ത ജീവികളും വാസ സ്ഥലങ്ങളും ചർച്ച -

- സ്വന്തമായി വീടുണ്ടാക്കുന്നവർ.
- മറ്റുള്ളവർ നിർമ്മിച്ച വീട്ടിൽ താമസിക്കുന്നവർ.
- മണ്ണിൽ, മരത്തിൽ, മാളത്തിൽ താമസിക്കുന്നവർ.

ആവശ്യമായ സന്ദർഭങ്ങളിൽ ടീച്ചർ ഇടപെട്ട് വ്യക്തത വരുത്തുമല്ലോ. കുത്തുകൾ യോജിപ്പിച്ച് ചിത്രം വരയ്ക്കൂ, നിറം നൽകൂ (വർക്ക് ബുക്ക്)

സൂക്ഷ്മ പേശീചലനം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനമാണിത്.

കുട്ടികൾ സ്വന്തമായി വരച്ച് നിറം നൽകട്ടെ. ടീച്ചർ വിലയിരുത്തണം.

## വരയ്ക്കാം (വർക്ക് ബുക്ക്)

അക്ഷരം എഴുതുന്നതിനുമുമ്പുള്ള പ്രവർത്തനമാണിത്. വർക്ക് ബുക്കിൽ കൂടാതെ കുട്ടികൾക്ക് വരയ്ക്കാൻ കൂടുതൽ അവസരങ്ങൾ നൽകാം.

കുട്ടികൾ വ്യക്തിഗതമായി വരയ്ക്കട്ടെ : വരയ്ക്കുന്ന രീതി ടീച്ചർ വിശദീകരിക്കണം. വിലയിരുത്തണം.

## വഴികാണിക്കാമോ (ടെക്സ്റ്റ് ബുക്ക്), (വർക്ക് ബുക്ക്)

സൂക്ഷ്മ പേശീ ചലനത്തിനോടൊപ്പം കുട്ടിയുടെ യുക്തിചിന്ത നിരീക്ഷണപാടവം ശ്രദ്ധ, എന്നിവ വളർത്തുന്നിനുള്ള പ്രവർത്തനമാണിത്.

വ്യക്തിഗതമായി ചെയ്ത പ്രവർത്തനം കുട്ടികൾ പരസ്പരവും ടീച്ചറും വിലയിരുത്തുന്നു - മെച്ചപ്പെടുത്തുന്നു. തുടർന്ന് വർക്കുബുക്കിലെ പ്രവർത്തനം ചെയ്യട്ടെ. ടീച്ചർ വിലയിരുത്തുന്നു.

## പറയാം (ടെക്സ്റ്റ് ബുക്ക്), (വർക്ക് ബുക്ക്)

ആശയ ബന്ധിയായി വാക്യങ്ങൾ സ്വന്തമായി നിർമ്മിച്ചു പറയുന്നതിനുള്ള പ്രവർത്തനം.

വീടുള്ളതുകൊണ്ടുള്ള പ്രയോജനങ്ങൾ കുട്ടികൾ പറയട്ടെ!

## വരയ്ക്കാം നിറം നൽകാം (ടെക്സ്റ്റ് ബുക്ക്)

പ്രാഗ്‌ലേഖന പ്രവർത്തനമാണിത്. പാഠപുസ്തകത്തിലെ വീടിന്റെ ചിത്രത്തിനുമുകളിലൂടെ പെൻസിൽ ഉപയോഗിച്ച് വരച്ചശേഷം നിറം നൽകട്ടെ. തുടർന്ന് ടീച്ചർ നൽകിയ കടലാസിൽ വീടിന്റെ ചിത്രം വരച്ച് നിറം നൽകി ക്ലാസിൽ പ്രദർശിപ്പിക്കട്ടെ.

## വ്യത്യാസം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

നിരീക്ഷണ പാടവം, സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ എന്നീ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണിത്.

കുട്ടികൾ ചിത്രങ്ങൾ നിരീക്ഷിച്ച് പരമാവധി സാമ്യവ്യത്യാസങ്ങൾ വ്യക്തിഗതമായി കണ്ടെത്തുന്നു. ഏറ്റവും കുറവ് വ്യത്യാസം കണ്ടെത്തിയവർ മുതൽ അവതരിപ്പിക്കുന്നു. ചർച്ച ധാരണ മെച്ചപ്പെടുത്തൽ.

## വീട് നിർമ്മാണം

കുട്ടികളുടെ ഭാവന, സൗന്ദര്യബോധം, സൂക്ഷ്മ പേശീചലനം എന്നിവ വളർത്തുന്നതിനുള്ള പ്രവർത്തനം.

കടലാസിൽ കുട്ടികൾ സ്വന്തമായി പ്രവർത്തനം ചെയ്യട്ടെ. ടെക്സ്റ്റ്ബുക്കിൽ തന്നെ ചെയ്യണമെന്നില്ല. ക്ലാസിൽ നിന്നോ, വീട്ടിൽ നിന്നോ ചെയ്ത പ്രവർത്തനം വിലയിരുത്തി ക്ലാസ്സിൽ പ്രദർശിപ്പിക്കാം.

## പാഠം 2

# അമ്മ

*മാതൃസ്നേഹത്തിന്റെ മഹത്വം തിരിച്ചറിയുന്നതിലൂടെ അക്ഷരപഠനം ആരംഭിക്കുന്നതിനുള്ള പാഠമാണ് അമ്മ. ആഹാരം വെച്ചുവിളമ്പുന്നതിനപ്പുറം നന്മയുടെ, സ്നേഹത്തിന്റെ പ്രതീകമായി അമ്മ നിറഞ്ഞു നിൽക്കുന്നു. അമ്മയുടെ കൈപിടിച്ച് നടക്കുന്നത് കുട്ടിക്ക് സുരക്ഷിതത്വത്തിന്റെ ധൈര്യം പകരുന്നു.*

### നേടേണ്ട ശേഷികൾ / ധാരണകൾ

- മാതൃ സ്നേഹം തിരിച്ചറിയുന്നതിന്
- ലഘു വിവരണങ്ങൾ കേൾക്കുന്നതിനും വായിക്കുന്നതിനും.
- അക്ഷരങ്ങൾ ചേർത്ത് പദങ്ങൾ, വാക്യങ്ങൾ എന്നിവ എഴുതുന്നതിനും വായിക്കുന്നതിനും.
- കവിതകൾ ചൊല്ലി ആസ്വദിക്കുന്നതിന്.

### വ്യവഹാര രൂപങ്ങൾ

വിവരണം, കവിത

ഊന്നൽ നൽകേണ്ട അക്ഷരങ്ങൾ.

അ, ര, ല, ട, ന, പ, റ, വ

### പാഠഭാഗത്തേക്ക്

പാഠപുസ്തകത്തിലെ ചിത്രം നിരീക്ഷിക്കുന്നു.

- അമ്മ എന്തു ചെയ്യുകയാണ്?
- നിങ്ങളുടെ വീട്ടിൽ ആരാണ് ഭക്ഷണം ഉണ്ടാക്കുന്നത്.
- നിങ്ങൾക്കിഷ്ടപ്പെട്ട പലഹാരം എന്ത്?
- എങ്ങനെയാണ് ഭക്ഷണം ഉണ്ടാക്കുന്നത്?

ലഘു ചർച്ച - ക്രോഡീകരണം

ടീച്ചർ ഒരു ആഖ്യാനം അവതരിപ്പിക്കുന്നു.

രമയ്ക്ക് അട വലിയ ഇഷ്ടമാണ്. അവൾ അമ്മയോടു പറഞ്ഞു. അമ്മേ എനിക്ക് അട വേണം. നാളെയാവട്ടെ മോളേ! അമ്മ പറഞ്ഞു. പിറ്റേന്ന് രാവിലെത്തന്നെ അമ്മ ഉണർന്നു. അരിവെച്ചിരുന്ന മുറിയിൽ കയറി അരി എടുത്തു. പൊടിച്ചു. പിന്നെ ഒരിലയെടുത്തു. അടപരത്തി അട ചുട്ട് രമയെ വിളിച്ചു. രമ വന്നിട്ടോ? എന്തു ചെയ്തുകാണും?

കുട്ടികൾ പ്രതികരിക്കട്ടെ.

### വായന പ്രക്രിയ

പാഠഭാഗം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ടീച്ചർ പാഠഭാഗം സാവധാനം വായിക്കുന്നു. വരികൾ ചൂണ്ടി വായിക്കുന്നു.കുട്ടികൾ ഏറ്റുവായിക്കുന്നു. ചെറുഗ്രൂപ്പുകളായി ടീച്ചറോടൊപ്പം വായിക്കുന്നു. ഉള്ളടക്കം ചർച്ച ചെയ്യുന്നു.

ടീച്ചർ വായിക്കുന്ന വരികൾ കുട്ടികൾ ചൂണ്ടിക്കാണിക്കുന്നു.

ടീച്ചർ ചൂണ്ടിക്കാണിക്കുന്ന വരികൾ കുട്ടികൾ വായിക്കുന്നു.

ടീച്ചർ ചില പദങ്ങൾ ചാർട്ടിലെഴുതുന്നു.

അമ്മ, അരി, അട, ഇല, വന്നു. രമ, മുറി, മുറിച്ചു.

ഓരോ പദങ്ങൾ വായിക്കുമ്പോഴും കുട്ടികൾ പാഠപുസ്തകത്തിൽ ആ പദം കണ്ടെത്തി അടിയിൽ പെൻസിൽ കൊണ്ടു വരയ്ക്കുന്നു.

ഇതേ പദങ്ങൾ എഴുതിയ കാർഡ് മേശപ്പുറത്ത് കമഴ്ത്തി വെക്കുന്നു. ഓരോ കുട്ടിയും കാർഡ് എടുത്ത് ഉറക്കെ വായിക്കുന്നു. മറ്റു കുട്ടികൾ പാഠപുസ്തകത്തിൽ പദങ്ങൾ കണ്ടെത്തി വായിക്കുന്നു.

പദങ്ങളിൽ നിന്ന് അക്ഷരങ്ങൾ തിരിച്ച് ടീച്ചർ വായിക്കുന്നു.

**ഉദാ: അ, ട**

തിരിച്ചറിഞ്ഞ അക്ഷരങ്ങൾ കുട്ടികൾ എഴുതട്ടെ!

എഴുതുന്ന രീതി ടീച്ചർ പരിചയപ്പെടുത്തുന്നു.

(വായുവിൽ, നിലത്ത്, ബോർഡിൽ, മണലിൽ, ബുക്കിൽ എഴുതാം. മുത്തുകൾ ചേർത്ത് അക്ഷരമുണ്ടാക്കാം, തെർമ്മോക്കോളിൽ നിന്ന് അക്ഷരം വെട്ടിയെടുക്കാം.) ഇങ്ങനെ അക്ഷരം തിരിച്ചറിയാൻ ധാരാളം അവസരങ്ങൾ നൽകുക.

തിരിച്ചറിഞ്ഞ അക്ഷരങ്ങൾ ചേർത്ത് പുതിയ പദങ്ങൾ കുട്ടികൾ പറയട്ടെ. ടീച്ചർ ബോർഡിൽ എഴുതിയശേഷം അവ വായിക്കണം. ഈ പദങ്ങൾ ചേർത്ത് ലഘുവാക്യങ്ങളാക്കിയശേഷം ഒരു ലഘു വിവരണം തയ്യാറാക്കി ചാർട്ടിൽ എഴുതി വായിക്കാം. പിന്നീട് വായിക്കാൻ വേണ്ടി മാറ്റിവെക്കാം.

## കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതാം (വർക്ക് ബുക്ക്)

കുട്ടികൾ വ്യക്തിഗതമായി പ്രവർത്തനം ചെയ്യുന്നു. ടീച്ചർ വിലയിരുത്തുന്നു.

## വരച്ചു യോജിപ്പിക്കാം (ടെക്സ്റ്റ് ബുക്ക്)

ലഘു വാക്യങ്ങൾ വായിക്കുന്നതിനുള്ള പ്രവർത്തനമാണ് രണ്ടുവരിയിലേയും പദങ്ങൾ ടീച്ചറും കുട്ടികളും വായിക്കുന്നു. ആശയം ചർച്ച ചെയ്യുന്നു രണ്ടു പദങ്ങൾ ചേർത്ത് പുസ്തകത്തിലെ പോലെ വരയ്ക്കട്ടെ.

## ചിത്രത്തിനു ചുവടെ പൂരിപ്പിച്ചെഴുതാം (ടെക്സ്റ്റ് ബുക്ക്). ചിത്രത്തിനു താഴെ പേരെഴുതാം (വർക്ക് ബുക്ക്)

തിരിച്ചറിഞ്ഞ അക്ഷരങ്ങൾ പ്രയോഗിക്കാനുള്ള പ്രവർത്തനമാണിത്.

(ടെക്സ്റ്റ് ബുക്ക്) ചിത്രം നിരീക്ഷിച്ച് പേര് കണ്ടെത്തുന്നു. ചുവടെ വിട്ടുപോയ അക്ഷരങ്ങൾ പൂരിപ്പിക്കുന്നു, വിലയിരുത്തുന്നു.

## യോജിച്ച അക്ഷരങ്ങൾ ചേർത്ത് വാക്യം എഴുതാം (ടെക്സ്റ്റ് ബുക്ക്)

പ്രവർത്തനം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

വിട്ടുപോയ അക്ഷരങ്ങൾ ഉണ്ട്. അവ ചുവടെയുള്ള കളങ്ങളിൽ നിന്നു തെരഞ്ഞെടുത്ത് ചേർത്തു വായിക്കണം.

അക്ഷരക്കാർഡിൽ ര, അ, ല, ട എന്നീ അക്ഷരങ്ങൾ എഴുതുന്നു. ചാർട്ടിൽ വിട്ടുപോയ ഭാഗത്ത് ഓരോ അക്ഷരവും ചേർത്തു വെച്ച് വായിച്ച് യോജിച്ചവ കണ്ടെത്തട്ടെ. ടെക്സ്റ്റ് ബുക്കിൽ എഴുതുന്നു.

രമ എന്ന കുട്ടിയെ പരിചയപ്പെടുത്തുന്നു.

രമയ്ക്ക് അത്ഭുത സിദ്ധിയുള്ള ഒരു പേന കിട്ടി. എന്നിട്ട് അവൾ ഒരു ആനയെ വരച്ചു. ആന വളർന്നു വലുതായി പിന്നെ ഒരു ചേന വരച്ചു. ചേനയും വളർന്നു പനപോലെ. എന്നിട്ടെന്തുണ്ടാ

യി? സ്വതന്ത്രഭാഷണം.

(ടെക്സ്റ്റ് ബുക്ക്) ചിത്രവായന, പാഠഭാഗവായന, പദങ്ങൾ തിരിച്ചറിയൽ, അക്ഷരം തിരിച്ചറിയൽ, ലേഖനം.

## വരച്ച് യോജിപ്പിക്കാം (ടെക്സ്റ്റ് ബുക്ക്)

ചിത്രവും പദങ്ങളും വായിച്ച് വരച്ച് യോജിപ്പിക്കട്ടെ. ടീച്ചർ വിലയിരുത്തിയ ശേഷം അവതരണം, ചർച്ച, ക്രോഡീകരണം.

## പൂരിപ്പിച്ചെഴുതാം (ടെക്സ്റ്റ് ബുക്ക്)

ചിത്രങ്ങൾ നിരീക്ഷിച്ച് പേര് കണ്ടെത്തി ചുവടെയുള്ള അക്ഷരങ്ങളിൽ നിന്ന് യോജിച്ചവ കണ്ടെത്തി പൂരിപ്പിക്കട്ടെ.

## യോജിച്ച പദം ചേർത്ത് വാക്യമെഴുതാം (വർക്ക് ബുക്ക്)

പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി വായിച്ച് ചെയ്യട്ടെ. ശേഷം ടീച്ചറുടെ വായന കൂട്ടിച്ചേർക്കൽ.

## പാടി രസിക്കാം

അമ്മയുടെ സ്നേഹം വെളിവാക്കുന്ന കവിത ടീച്ചറും കുട്ടികളും ചേർന്ന് ചൊല്ലുന്നു. മറ്റ് കവിതകളും ചൊല്ലുന്നു.

## പദങ്ങൾ എഴുതാം, പദങ്ങളെഴുതാം (വർക്ക് ബുക്ക്)

വർക്കുബുക്കു പ്രവർത്തനം നിർദ്ദേശത്തിനുശേഷം വ്യക്തിഗതമായി എഴുതുന്നു. അവതരിപ്പിക്കുന്നു. കൂട്ടിച്ചേർക്കുന്നു. വിലയിരുത്തുന്നു.

## പഴഞ്ചൊല്ല്

പഴഞ്ചൊല്ല് വായിച്ച് ആശയം ചർച്ച ചെയ്യുക.

# പാഠം 3

# മഴത്തുള്ളി

*മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ സന്തോഷം നൽകുന്നതാണ് മഴ. മഴവെള്ള ത്തിൽ ഇറങ്ങാനും കളിക്കാനും ഇഷ്ടപ്പെടാത്ത കുട്ടികളില്ല. മഴക്കാലവുമായി ബന്ധപ്പെട്ട നിര വധി അനുഭവങ്ങൾ കുട്ടികൾക്കുണ്ടാവും. അത്തരം ഒരു ചെറു അനുഭവ വിവരണമാണ് ഇവിടെ പാഠഭാഗമായി നൽകിയിരിക്കുന്നത്. ടീച്ചറുടേയും കുട്ടികളുടേയും അനുഭവങ്ങളും അറിവു കളും കൂട്ടിചേർത്ത് പാഠഭാഗം രസകരമായി അവതരിപ്പിക്കാൻ ശ്രമിക്കുമല്ലോ.*

## ശേഷികൾ / ധാരണകൾ

- ലഘുകുറിപ്പുകൾ കേൾക്കുന്നതിനും വായിക്കുന്നതിനും.
- മഴയുമായി ബന്ധപ്പെട്ട കവിതകൾ കേൾക്കുന്നതിനും ചൊല്ലി രസിക്കുന്നതിനും.
- അക്ഷരങ്ങൾ പദങ്ങൾ പരിചയപ്പെടുന്നതിനും തിരിച്ചറിയുന്നതിനും വായിക്കുന്നതിനും.
- തിരിച്ചറിഞ്ഞ അക്ഷരങ്ങൾ ഉപയോഗിച്ച് പുതിയ പദങ്ങൾ, വാക്യങ്ങൾ, എഴുതുന്നതിന്.
- സന്ദർഭത്തിന് അനുയോജ്യമായ ആശയങ്ങൾ ഉൾപ്പെടുത്തി സംഭാഷണം തയ്യാറാക്കുന്നതി ന്.
- അനുയോജ്യമായ വരികൾ കൂട്ടിച്ചേർത്ത് കവിത പൂർത്തീകരിക്കുന്നതിന്.
- മഴകൊണ്ട് നമുക്ക് പല പ്രയോജനങ്ങളുമുണ്ട് എന്നു തിരിച്ചറിയുന്നതിന്.

## വ്യവഹാര രൂപങ്ങൾ

ലഘു വിവരണം, സംഭാഷണം, കവിത.

## ഊന്നൽ നൽകേണ്ട അക്ഷരങ്ങൾ

**ഇ, മ, ഴ, ക, ട, ള, വ, ള്ള, ക്ക.**

## മൂല്യങ്ങൾ / മനോഭാവങ്ങൾ

- ജലം അമൂല്യമാണ്; അത് പാഴാക്കരുത്.

## പ്രവർത്തനങ്ങൾ

### മഴയുണ്ടാക്കാം / മഴ പെയ്യിക്കാം

ടീച്ചറും കുട്ടികളും എഴുന്നേറ്റ് നിൽക്കുന്നു ടീച്ചർ 'ഒന്ന്' എന്നു പറയുമ്പോൾ കുട്ടികൾ വല തു കൈയ്യിലെ ഒരു വിരൽ കൊണ്ട് ഇടതു കൈയ്ക്കുള്ളിൽ അടിക്കുന്നു. തുടർന്ന് 2 എന്ന് പറ യുമ്പോൾ രണ്ടു വിരൽ ഉപയോഗിച്ചും, 3, 4 എന്നിങ്ങനെ എണ്ണുമ്പോൾ അത്രയും വിരലുകൾ ഉപയോഗിച്ചും അടിക്കുന്നു. ഇത് ആരോഹണാവരോഹണ ക്രമത്തിൽ തുടരുന്നു.

- ഇപ്പോൾ കേട്ട ശബ്ദം പരിചയമുണ്ടോ?
- മഴ നിങ്ങൾക്കിഷ്ടമാണോ?
- മഴ പെയ്യുമ്പോൾ നിങ്ങൾ എന്തെല്ലാം ചെയ്യാറുണ്ട്?
- മഴ നമുക്ക് സന്തോഷം നൽകിയതും സങ്കടമുണ്ടാക്കിയതും ഭയപ്പെടുത്തുന്നതുമായ ഒട്ടേറെ അനുഭവങ്ങൾ തന്നിട്ടുണ്ട്. അത്തരം ചില അനുഭവങ്ങൾ.

## പാഠഭാഗത്തേക്ക്

മഴ പെയ്തപ്പോൾ ഉണ്ണിക്കുട്ടനും ചേച്ചിയും എന്തുചെയ്തെന്ന് നോക്കൂ.

ചിത്രവായന (ടെക്സ്റ്റ് ബുക്ക്) പേജ്: 16

- ഉണ്ണിക്കുട്ടനും ചേച്ചിയും എവിടെയാണ് ഉള്ളത്?
- അവർ എന്താണ് ചെയ്യുന്നത്?
- ഉണ്ണിക്കുട്ടൻ എന്തൊക്കെയാണ് ചെയ്തതെന്നറിയണ്ടേ? നമുക്ക് പാഠഭാഗം വായിച്ചു നോക്കാം.

## പാഠഭാഗം വായിച്ചു നോക്കാം.

ടീച്ചർ ചാർട്ടിൽ പ്രദർശിപ്പിച്ച പാഠഭാഗം വായിക്കുന്നു.

കുട്ടികൾ ഏറ്റു വായിക്കുന്നു.

വായനയുടെ പ്രക്രിയ (പാഠം - 2 ൽ വിശദീകരിച്ചത്) പാലിച്ചുകൊണ്ട് ആശയാവതരണ രീതിയിൽ പാഠഭാഗം അവതരിപ്പിക്കുന്നു.)

### വായിക്കാം

പദങ്ങൾ എഴുതിയ കാർഡ് ഓരോന്നായി ടീച്ചർ പ്രദർശിപ്പിച്ച് വായിച്ച ശേഷം കുട്ടികൾ ഓരോരുത്തരായി വന്ന് ഒരു കാർഡ് എടുത്ത് ഉറക്കെ വായിച്ചുകൊണ്ട് പ്രദർശിപ്പിക്കുന്നു. മറ്റു കുട്ടികൾ അതേ പദം ടെസ്റ്റ് ബുക്കിൽ കണ്ടെത്തി തൊട്ട് ഉറക്കെ വായിക്കുന്നു.

പദക്കാർഡുകൾ മുറിച്ച് അക്ഷരക്കാർഡുകളാക്കി പ്രദർശിപ്പിക്കുന്നു.

കുട്ടികൾ അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കട്ടെ.

വർക്ക് ബുക്കിലെ കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതാം' എന്ന പ്രവർത്തനം വ്യക്തിഗതമായി ചെയ്യട്ടെ.

## ചിത്രം നോക്കൂ, വായിക്കൂ

തിരിച്ചറിഞ്ഞ അക്ഷരങ്ങൾ വരുന്ന പുതിയ പദങ്ങൾ വായിക്കുന്നതിനുള്ള പ്രവർത്തനമാണിത്. കുട്ടികൾ ചിത്രം നിരീക്ഷിച്ച് കത്തിനു താഴെയുള്ള പദങ്ങൾ വായിക്കട്ടെ. ചുവന്ന നിറത്തിലുള്ള അക്ഷരങ്ങൾ കണ്ടെത്തി സ്ലേറ്റിൽ / ബുക്കിൽ എഴുതട്ടെ.

## പദങ്ങൾ നിർമ്മിക്കാം (വർക്ക് ബുക്ക്)

കുട്ടികൾ വ്യക്തിഗതമായി പ്രവർത്തനം ചെയ്യട്ടെ. ടീച്ചർ വിലയിരുത്തി വ്യക്തത വരുത്തുമല്ലോ!

## എന്റെ പുള്ളിക്കുട

കുട്ടികൾ ടെക്സ്റ്റ് ബുക്കിലെ ചിത്രത്തിനു മുകളിലൂടെ പെൻസിൽ ഉപയോഗിച്ച് വരച്ച ശേഷം ക്രയോൺ ഉപയോഗിച്ച് നിറം നൽകട്ടെ. ആകർഷകമായി നിറം നൽകിയവരെ അഭിനന്ദിക്കുമല്ലോ.

## പാടി നോക്കാം (ടെക്സ്റ്റ് ബുക്ക്)

പാഠപുസ്തകത്തിലെ കവിത ടീച്ചറും കുട്ടികളും ചേർന്നു പാടുന്നു. കുട്ടികൾ ചെറിയഗ്രൂപ്പുകളായി കവിത ചൊല്ലി അവതരിപ്പിക്കട്ടെ.

## പദങ്ങൾ നിർമ്മിക്കാം

പരിചിതമായ അക്ഷരങ്ങൾ ഉപയോഗിച്ച് പുതിയ പദങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്ത

നമാണിത്. കളങ്ങളിലെ അക്ഷരങ്ങളുപയോഗിച്ച് കുട്ടികൾ പരമാവധി പദങ്ങൾ നിർമ്മിക്കട്ടെ.

**കണ്ടെത്തിയ പദങ്ങൾ അവതരണം.**

കൂടുതൽ പദങ്ങൾ നിർമ്മിച്ചവരെ അഭിനന്ദിക്കുന്നു. ടീച്ചർ പദങ്ങൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ടീച്ചറും കുട്ടികളും ചേർന്ന് വായിക്കുന്നു.

**യോജിച്ച അക്ഷരങ്ങൾ ചേർത്ത് പദങ്ങൾ എഴുതാം (വർക്ക് ബുക്ക്)**

വ്യക്തിഗതമായി പ്രവർത്തനം ചെയ്യുന്നു. അവതരണം, വിലയിരുത്തൽ,മെച്ചപ്പെടുത്തൽ.

**പാടി രസിക്കാം**

കുഞ്ഞുണ്ണിക്കവിത ടീച്ചറും കുട്ടികളും ചേർന്ന് പാടുന്നു. കുട്ടികൾ ചെറുസംഘങ്ങളായി കവിത അവതരിപ്പിക്കുന്നു.

മഴയുമായി ബന്ധപ്പെട്ട ഇതര കവിതകൾ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

**വരികൾ ചേർത്തു പാടാം എഴുതാം**

നൽകിയ കവിതാ ഭാഗം ടീച്ചർ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു.

ടീച്ചർ ഈണത്തിലും താളത്തിലും ചൊല്ലുന്നു.

കുട്ടികൾ ഈണവും താളവും തിരിച്ചറിയുന്നു.

പിന്നീട് എങ്ങനെയൊക്കെ മഴ വന്നു കാണും? ലഘു ചർച്ച.

ചർച്ചയ്ക്കുശേഷം അതേ താളത്തിൽ രണ്ടു വരികൾ കുട്ടികൾ കൂട്ടിച്ചേർക്കട്ടെ.

കൂട്ടിച്ചേർത്തവരികൾ കുട്ടികൾ അവതരിപ്പിക്കുന്നു ടീച്ചർ ചാർട്ടിൽ എഴുതുന്നു ചൊല്ലുന്നു. കുട്ടികൾ വർക്കുബുക്കിൽ സ്വന്തമായി വരികൾ കൂട്ടിച്ചേർക്കുന്നു.

**പലതരം... എഴുതി നോക്കൂ**

പദങ്ങൾ കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. ക്ലാസ്സിൽ അവതരണം:- ടീച്ചർ പദങ്ങൾ ചാർട്ട് ചെയ്യുന്നു. പൊതുവായി വായിക്കുന്നു. കുട്ടികൾ തങ്ങൾ എഴുതാത്ത പദങ്ങൾ ചാർട്ടിൽ നിന്ന് എഴുതുന്നു.

**ഉണ്ണിക്കുട്ടനും അച്ഛനും**

കുട്ടികൾ ചിത്രം നിരീക്ഷിക്കട്ടെ.

ചിത്രവുമായി ബന്ധപ്പെട്ട ലഘു ചർച്ച.

- ഉണ്ണിക്കുട്ടൻ എന്താണ് ചെയ്യുന്നത്?
- അച്ഛൻ ദേഷ്യപ്പെടുന്നത് എന്തിനായിരിക്കാം?
- ആരായിരിക്കും ടാപ്പ് തുറന്നു വിട്ടത്?
- അച്ഛൻ ഉണ്ണിക്കുട്ടനോട് എന്തായിരിക്കും പറയുന്നത്?

അച്ഛൻ പറയുന്നതെന്തെന്ന് കുട്ടികൾ വ്യക്തിഗതമായി പറയട്ടെ. അനുയോജ്യമായവ ടീച്ചർ ചാർട്ടിൽ / ബ്ലാക്ക് ബോർഡിൽ എഴുതുന്നു. ഇഷ്ടപ്പെട്ട ഒരെണ്ണം കുട്ടികൾ ടെക്സ്റ്റ് ബുക്കിൽ എഴുതട്ടെ.

**വെള്ളം കൊണ്ടുള്ള പ്രയോജനങ്ങൾ... പറയാം... എഴുതാം (വർക്ക് ബുക്ക്)**

കുട്ടികൾ ചിത്രം നിരീക്ഷിച്ച് വാക്യങ്ങൾ പറയട്ടെ... എഴുതട്ടെ. ടീച്ചർ വിലയിരുത്തുമല്ലോ.

വെള്ളം കൊണ്ടുള്ള മറ്റ് പ്രയോജനങ്ങളെകുറിച്ച് ക്ലാസിൽ ലഘു ചർച്ച നടത്താം.

കടങ്കഥയ്ക്ക് ഉത്തരം കണ്ടെത്തി എഴുതാം

കടങ്കഥകൾ ടീച്ചർ അവതരിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി വർക്കുബുക്കിൽ എഴുതുന്നു അവതരിപ്പിക്കുന്നു.

കടലാസു തോണി നിർമ്മിക്കാം

ടീച്ചറും കുട്ടികളും ചേർന്ന് കടലാസു തോണിയുണ്ടാക്കി ക്ലാസിൽ പ്രദർശിപ്പിക്കട്ടെ.

## പാഠം 4

# തത്തമ്മ

*ഒരുമയാണ് ഏറ്റവും വലിയ ശക്തി. ഐക്യത്തോടെ നിൽക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ എന്തും നേടാനാവും. ഒരുമയും പരസ്പര സഹകരണവും വെച്ചു പുലർത്തേണ്ട തിന്റെ ആവശ്യകത കുട്ടികളെ കൂടി ബോധ്യപ്പെടുത്താൻ സഹായിക്കുന്നതാണ് തത്തമ്മപ്പെണ്ണി നെക്കുറിച്ചുള്ള ഈ കവിതാ പാഠം. പാഠഭാഗത്തെ വിവിധ പ്രവർത്തനങ്ങളോടൊപ്പം ഇത്തരം ചിന്തകളും കുട്ടികളിൽ ഉണർത്താൻ ബോധപൂർവ്വമായ ശ്രമം ഉണ്ടാവുമല്ലോ !*

### ശേഷികൾ / ധാരണ

- കുട്ടിക്കവിതകൾ കേൾക്കുന്നതിനും വായിക്കുന്നതിനും ചൊല്ലി രസിക്കുന്നതിനും.
- അക്ഷരങ്ങൾ, പദങ്ങൾ, സ്വരചിഹ്നങ്ങൾ പരിചയപ്പെടുന്നതിനും തിരിച്ചറിയുന്നതിനും വായിക്കുന്നതിനും.
- തിരിച്ചറിഞ്ഞ അക്ഷരങ്ങളുപയോഗിച്ച് പുതിയ പദങ്ങൾ, വാക്യങ്ങൾ എഴുതുന്നതിന്.
- അനുയോജ്യമായ വരികൾ കൂട്ടിച്ചേർത്ത് കവിത പൂർത്തീകരിക്കുന്നതിന്.
- പരസ്പര ഐക്യം ഏറ്റവും വലിയ ശക്തിയെന്ന് തിരിച്ചറിയുന്നതിന്.

### മൂല്യങ്ങൾ / മനോഭാവങ്ങൾ

സഹകരണ മനോഭാവം, ഐക്യബോധം....

### വ്യവഹാര രൂപങ്ങൾ

കവിത, ലഘു വിവരണം

ഊന്നൽ നൽകേണ്ട അക്ഷരങ്ങൾ, ചിഹ്നങ്ങൾ

**ത, ദ, സ, ഒ, ക, ത്ത, ന്ന, ാ**

#### പ്രവർത്തനങ്ങൾ

ഐകമത്യം മഹാബലം എന്ന ആശയം വരുന്ന ഒരു കഥ ടീച്ചർ ക്ലാസിൽ അവതരിപ്പിക്കുന്നു.

ഉദാ : മരിക്കാറായ അച്ഛൻ മക്കളെ നാലുപേരെയും വിളിച്ച് ഒരു ചുള്ളിക്കമ്പ് നൽകി ഒടി ക്കാൻ പറയുന്നു. നാലുപേരും നിഷ്പ്രയാസം ഒടിക്കുന്നു. നാലു കമ്പു വീതം കൂട്ടികെട്ടി ഒടി ക്കാൻ പറയുന്നു. സാധിക്കുന്നില്ല. ഐക്യത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു.

അച്ഛൻ മക്കളോടു പറഞ്ഞതുപോലെ കാട്ടിലെ ഒരു തത്തപ്പെണ്ണ് കിളികളോട് പറയുന്ന കവിത പരിചയപ്പെടാം.

### പാഠ ഭാഗത്തേക്ക്

ചാർട്ടിൽ കവിത പ്രദർശിപ്പിക്കുന്നു.

(വായന പ്രക്രിയ പാലിച്ചുകൊണ്ട്, ആശയാവതരണ രീതിയിൽ കവിത അവതരിപ്പിക്കുന്നു.)

### വായിക്കാം

ബോർഡിൽ /ചാർട്ടിൽ പ്രദർശിപ്പിച്ച പദങ്ങൾ ഓരോരുത്തരായി വന്ന് വായിക്കുന്നു. ഓരോ പദവും വായിക്കുമ്പോൾ മറ്റു കുട്ടികൾ അതേ പദം ടെസ്റ്റ് പുസ്തകത്തിൽ കണ്ടെത്തി തൊട്ടു വായിക്കുന്നു.

പദങ്ങൾ അക്ഷരങ്ങളാക്കി മുറിച്ചെഴുതുന്നു.

കുട്ടികൾ അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കട്ടെ.

വർക്ക് ബുക്കിൽ നൽകിയ 'കുത്തുകൾ യോജിപ്പിച്ച് അക്ഷരം എഴുതാം' എന്ന പ്രവർത്തനം ഇതിന്റെ തുടർച്ചയായി ചെയ്യുന്നു. വായുവിൽ / മണലിൽ എഴുതി പരിശീലിക്കട്ടെ.

എഴുതി നോക്കാം.

പദങ്ങളുടേയും അക്ഷരങ്ങളുടേയും മുകളിലൂടെ വിരലുകൊണ്ടും പെൻസിൽ ഉപയോഗിച്ചും എഴുതി ശീലിക്കട്ടെ. ശരിയായ രീതിയിലാണ് ഓരോ കുട്ടിയും എഴുതുന്നതെന്ന് ടീച്ചർ ഉറപ്പുവരുത്തുമല്ലോ! പേരെഴുതാം (പേജ്: 11) എന്ന പ്രവർത്തനവും ഇതോടൊന്നിച്ച് നൽകാം.

## ചിത്രം നോക്കാം, പറയാം

ടെക്സ്റ്റ് ബുക്ക് പേജ് 23-ലെ ചിത്രം കുട്ടികൾ നിരീക്ഷിക്കട്ടെ.

ചിത്രത്തിലെ കാഴ്ചകളെക്കുറിച്ച് ലഘു ചർച്ച നടത്താം.

- ആരൊക്കെയാണ് ചിത്രത്തിലുള്ളത്?
- അമർ എവിടെയാണ്?
- ഓരോരുത്തരും എന്തു ചെയ്യുന്നു?

ചർച്ചയ്ക്കു ശേഷം അതിനോടു ചേർത്ത് കൊടുത്ത വാക്യങ്ങൾ ടീച്ചർ അവതരിപ്പിക്കുന്നു. (വായനാ പ്രക്രിയ പാലിക്കുമല്ലോ).

## വരച്ചു ചേർക്കാം, എഴുതാം

പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ. കൈമാറി പരിശോധിക്കട്ടെ. പൊതു അവതരണം മെച്ചപ്പെടുത്തൽ.

## വട്ടത്തിലാക്കാം എഴുതാം

പരമാവധി പദങ്ങൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ. കൂടുതൽ പദങ്ങൾ ശരിയായി എഴുതിയവരെ അഭിനന്ദിക്കാം. ശരിയായ പദങ്ങൾ ടീച്ചർ ബോർഡിൽ /ചാർട്ടിൽ ലിസ്റ്റ് ചെയ്യുമല്ലോ. ലിസ്റ്റ് ചെയ്ത പദങ്ങൾ പൊതുവായി വായിക്കാനും ആവശ്യമായവ പുസ്തകത്തിലേക്ക് എഴുതിയെടുക്കാനും അവസരം നൽകുമല്ലോ? വർക്ക് ബുക്കിലെ കളങ്ങളിൽ നിന്ന് പദങ്ങൾ കണ്ടെത്തി എഴുതാനുള്ള പ്രവർത്തനവും ഇതിന്റെ തുടർച്ചയായി നൽകാം.

## എഴുതി നോക്കാം

ടെക്സ്റ്റ് ബുക്ക് പേജ് 24 ലെ ചിത്രം കുട്ടികൾ നിരീക്ഷിക്കട്ടെ. പൊതു ചർച്ച.

ചിത്രത്തിൽ ആരെല്ലാം?

എന്തു ചെയ്യുന്നു?

......................................................

......................................................

പാഠഭാഗം ടീച്ചർ അവതരിപ്പിക്കുന്നു. (വായനാ പ്രക്രിയ പാലിച്ച്) ആന, ആമ എന്നീ പദങ്ങൾ ആദ്യം പദങ്ങൾക്കു മുകളിലൂടെയും തുടർന്ന് കളത്തിലും വ്യക്തിഗതമായി എഴുതട്ടെ.

## വായിക്കാം

ചിത്രം നിരീക്ഷിക്കട്ടെ. ചിത്രത്തോടൊപ്പം നൽകിയ വാക്യം ടീച്ചർ വായിച്ചവതരിപ്പിക്കുന്നു. കുട്ടികൾ ഏറ്റു വായിക്കുന്നു. ഏതാനും കുട്ടികൾ വ്യക്തിഗതമായി ഉറക്കെ വായിക്കുന്നു.

## ചിഹ്നം ചേർത്തെഴുതാം

കുട്ടികൾ രണ്ടു ടീമുകളായി ഇരിക്കാം. ഒരു ടീം ചിഹ്നം ചേർക്കാതെ പദം പറയുമ്പോൾ അടുത്ത ടീം ആ പദത്തെ ചിഹ്നം ചേർത്ത് പറയട്ടെ.

പാഠപുസ്തകത്തിൽ നൽകിയ നാലു പദങ്ങളും ഇങ്ങനെ പറയുകയും അതിനുശേഷം എഴുതുകയും ചെയ്യട്ടെ.

ഇത്തരം കൂടുതൽ പദങ്ങൾ വ്യക്തിഗതമായി കണ്ടെത്തി എഴുതുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യട്ടെ. അവതരിപ്പിക്കുന്ന പദങ്ങൾ ടീച്ചർ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുകയും ടീച്ചറും കുട്ടികളും വായിക്കുകയും ചെയ്യുമല്ലോ!

## യോജിച്ച പദം ചേർത്ത് വാക്യമെഴുതാം (വർക്ക് ബുക്ക്)

കുട്ടികൾ വ്യക്തിഗതമായി വാക്യങ്ങൾ എഴുതട്ടെ.

ഗ്രൂപ്പിൽ വായിച്ച് അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ.

ക്ലാസിൽ അവതരിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യുമല്ലോ!

കളങ്ങളിലെ പദങ്ങൾ ചേർത്ത് വാക്യമെഴുതാം (വർക്ക് ബുക്ക്) എന്ന പ്രവർത്തനവും ഇതിന്റെ തുടർച്ചയായി ചെയ്യാം.

## പാടാം രസിക്കാം

കവിത ടീച്ചറും കുട്ടികളും ചേർന്ന് പാടാം, തുടർന്ന്

കുട്ടികളുടെ ചെറു ഗ്രൂപ്പുകൾക്ക് അവതരിപ്പിക്കാൻ അവസരം നൽകാം.

പാട്ടിലെ ആശയം കുട്ടികൾക്ക് ബോധ്യപ്പെടാനുതകും വിധം ലഘു ചർച്ച സംഘടിപ്പിക്കുമല്ലോ!

ചർച്ചയിലൂടെ ഐക്യമത്യം മഹാബലം എന്ന ചൊല്ലിലേക്കെത്താം.

# പാഠം 5
# കുഞ്ഞനുറുമ്പ്

*ബന്ധങ്ങൾ നില നിർത്തേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. ആഘോഷവേളകൾ ഇതിനു നമ്മെ സഹായിക്കുന്നു. ഒരു കുഞ്ഞനുറുമ്പിന്റെ പിറന്നാളാഘോഷത്തിന് വന്നു ചേർന്നവ രേയും അവർക്കു നൽകിയ വിഭവങ്ങളെയും ഉൾപ്പെടുത്തിയാണ് കുഞ്ഞനുറുമ്പ് എന്ന പാഠം.*

*ആശയാവതരണ രീതിയിൽ അക്ഷരം പഠിക്കുന്നതിനും പദങ്ങളും ലഘുവാക്യങ്ങളും രൂപീ കരിക്കുന്നതിനും ഈ പാഠം സഹായിക്കുന്നു. വായനയുടേയും എഴുത്തിന്റേയും ലോകത്ത് കുട്ടികളെ എത്തിക്കുക എന്നതാണ് ഈ പാഠത്തിന്റെ ലക്ഷ്യം.*

### നേടേണ്ട ശേഷികൾ / ധാരണകൾ.

- ലഘു വിവരണങ്ങൾ വായിക്കുന്നതിന്.
- സംഘബോധം വളർത്തുന്നതിന്.
- അക്ഷരങ്ങൾ പദങ്ങൾ ലഘുവാക്യങ്ങൾ എന്നിവ എഴുതുന്നതിന്.
- സ്വര ചിഹ്നങ്ങൾ തിരിച്ചറിയുന്നതിനും, വായിക്കുന്നതിനും, എഴുതുന്നതിനും.

### മൂല്യങ്ങൾ / മനോഭാവങ്ങൾ

ആഘോഷ വേളകൾ ബന്ധങ്ങൾ പുതുക്കാനുള്ളതാണ്.

### വ്യവഹാര രൂപങ്ങൾ

വിവരണം, കവിത

### ഊന്നൽ നൽകുന്ന അക്ഷരങ്ങൾ

**ൻ ൽ ഇ ഈ ക ഹ ച പ്പ ഐ യ ഘ ട്ട**

### ചിഹ്നങ്ങൾ

**ാ ീ ൈ**

### പാഠ ഭാഗത്തേക്ക്

ടീച്ചർ ചില ചോദ്യങ്ങളിൽ സൗഹൃദ സംഭാഷണം നടത്തുന്നു.

- നിങ്ങളുടെ വീട്ടിൽ ആഘോഷങ്ങൾ നടക്കാറുണ്ടോ?
- എന്തൊക്കെ ആഘോഷങ്ങൾ?
- നിങ്ങളുടെ പിറന്നാൾ ആഘോഷമെങ്ങനെ?
- എന്തൊക്കെ ഒരുക്കങ്ങളാണ് നടക്കുക?

ചർച്ചയ്ക്കു ശേഷം കുഞ്ഞനുറുമ്പ് പിറന്നാളാഘോഷിച്ചതെങ്ങനെയെന്ന് ടീച്ചർ അവതരി പ്പിക്കുന്നു. പാഠഭാഗം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

ടീച്ചറും കുട്ടികളും വായിക്കുന്നു.

വായനാപ്രക്രിയയിലൂടെ അക്ഷരങ്ങൾ തിരിച്ചറിയുന്നു.

അക്ഷരങ്ങൾ എഴുതുന്നു. സ്ലേറ്റിലും ബോർഡിലും

## പറയാം (ടെക്സ്റ്റ് ബുക്ക്)

ആഘോഷങ്ങളിൽ നടത്താറുള്ള ഒരുക്കങ്ങൾ വ്യക്തിഗതമായി അവതരിപ്പിക്കാനുള്ള വാചിക പ്രവർത്തനമാണിത്. എഴുതണമെന്നില്ല.

## പിറന്നാളിനു വന്നവരുടെ പേരു പറയാം (ടെക്സ്റ്റ് ബുക്ക്)

കുട്ടികൾ പുസ്തകത്തിലെ ചിത്രങ്ങൾ നോക്കി പേര് പറയട്ടെ. പറയുന്ന പേരുകൾ ടീച്ചർ ബോർഡിൽ എഴുതുന്നു. പേരുകൾ വായിക്കുന്നു ടീച്ചറും കുട്ടികളും.

## തരം തിരിക്കാം (ടെക്സ്റ്റ് ബുക്ക്)

ടീച്ചർ നേരത്തെ ബോർഡിലെഴുതിയ പേരുകൾ വായിച്ച് നടന്നുവന്നവർ, പറന്നുവന്നവർ, ചാടിച്ചാടിവന്നവർ എന്നിങ്ങനെ തരംതിരിച്ചെഴുതട്ടെ. എഴുത്തിനാണ് പ്രാധാന്യം തരം തിരിക്കാനല്ല. എഴുതി അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു. ചർച്ച മെച്ചപ്പെടുത്തൽ.

കുഞ്ഞനുറുമ്പിന്റെ പിറന്നാൾ സദ്യക്ക് എന്തൊക്കെ വിഭവങ്ങളുണ്ടാകും? ചർച്ച.

അവർ സദ്യ കഴിക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിച്ചിട്ടുണ്ടാകും?

ആഹാരം കഴിക്കുമ്പോൾ നാം എന്തൊക്കെ ശ്രദ്ധിക്കണം?

ചർച്ചയ്ക്കുശേഷം പാഠഭാഗം അവതരിപ്പിക്കുന്നു. ചാർട്ടിൽ പ്രദർശിപ്പിക്കുന്നു കുട്ടികളും ടീച്ചറും വായിക്കുന്നു.

## ആഹാരത്തിനുള്ള വിഭവങ്ങൾ (ടെക്സ്റ്റ് ബുക്ക്)

പദങ്ങൾ വായിക്കുന്നു. അക്ഷരങ്ങൾ തിരിച്ചറിയുന്നു. എഴുതുന്നു. ടീച്ചർ ബോർഡിലും കുട്ടികൾ ബുക്കിലും കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതാം

കുട്ടികൾ വ്യക്തിഗതമായി പ്രവർത്തനം ചെയ്യുന്നു ടീച്ചർ വിലയിരുത്തുന്നു.

ആഹാരത്തിനു മറ്റെന്തൊക്കെ വിഭവങ്ങൾ? എഴുതുക.

ആഹാരത്തിനുള്ള മറ്റ് വിഭവങ്ങളുടെ പേര് കുട്ടികൾ പറയുന്നു.

ടീച്ചർ ബോർഡിൽ എഴുതുന്നു. വായിക്കുന്നു. ടെക്സ്റ്റ് ബുക്കിൽ എഴുതുന്നു.

## ചിത്രം നോക്കി പൂരിപ്പിച്ചെഴുതാം (വർക്ക് ബുക്ക്)

ചിത്രങ്ങൾ നോക്കി പേര് വായിക്കട്ടെ. തുടർന്ന് ചുവടെ വിട്ടുപോയ അക്ഷരങ്ങൾ കുട്ടികൾ പെൻസിൽ കൊണ്ട് എഴുതട്ടെ. കുട്ടികളുടെ അവതരണം വിലയിരുത്തൽ ടീച്ചർ ബോർഡിൽ എഴുതുന്നു. കുട്ടികൾ തെറ്റ് തിരുത്തുന്നു. തുടർന്ന് വർക്ക് ബുക്ക് പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. വിലയിരുത്തുന്നു.

### കണ്ടെത്താം എഴുതാം

കളങ്ങളിലെ അക്ഷരങ്ങൾ ടീച്ചർ വായിക്കുന്നു കുട്ടികളും വായിക്കുന്നു. കളങ്ങളിലെ അക്ഷരങ്ങൾ ചേർത്ത് പദങ്ങളുണ്ടാക്കുന്ന വിധം വിശദീകരിക്കുന്നു മാതൃക കാണിക്കുന്നു കുട്ടികൾ സ്വന്തമായി പദങ്ങൾ എഴുതുന്നു. കൂടുതൽ എഴുതിയതാകും ടീച്ചർ. ചാർട്ടിൽ തയ്യാറാക്കിയ പട്ടികയിൽ നിന്ന് പദങ്ങൾ കണ്ടെത്തി ബോർഡിൽ എഴുതുന്നു. കുട്ടികൾ കൂട്ടിച്ചേർക്കുന്നു.

## യോജിച്ച പദങ്ങൾ ചേർത്ത് വാക്യമെഴുതാം (വർക്ക് ബുക്ക്)

പൂരിപ്പിക്കുന്നതിനുള്ള വാക്യത്തിലെ പദങ്ങൾ ടീച്ചർ വായിക്കുന്നു. കളങ്ങളിലെ പദങ്ങളും വായിക്കുന്നു. യോജിച്ച പദങ്ങൾ തെരഞ്ഞെടുത്ത് വാക്യമെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## പദങ്ങൾ എഴുതാം (ടെക്സ്റ്റ് ബുക്ക്)

പട്ടികയിൽ നൽകിയിരിക്കുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും കുട്ടികളെ പരിചയപ്പെടുത്തുക. ഈ ചിഹ്നങ്ങൾ ചേർന്നുവരുന്ന പദങ്ങൾ ചിലത് കുട്ടികൾ പറയട്ടെ. പിന്നീട് എഴുതട്ടെ കുട്ടികൾ അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു സ്വരചിഹ്നങ്ങൾ ഊന്നൽ നൽകി വായിക്കുന്നു. കുട്ടികൾ തെറ്റുതിരുത്തുന്നു.

## എത്ര പദങ്ങൾ നിർമ്മിക്കാം (വർക്ക് ബുക്ക്)

പട്ടികയിലെ അക്ഷരങ്ങളും ചിഹ്നങ്ങളും വായിച്ച് മാതൃകയിൽ കൊടുത്ത പോലെ പദങ്ങൾ ടീച്ചർ അവതരിപ്പിക്കുന്നു. കുട്ടികൾ സ്വന്തമായി എഴുതുന്നു. വിലയിരുത്തുന്നു.

## പറയാം എഴുതാം (ടെക്സ്റ്റ് ബുക്ക്)

ക്ലാസ്സിൽ ചർച്ച. ആഹാരത്തിനുമുമ്പും കഴിക്കുമ്പോഴും ശേഷവും നാം ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം? ചർച്ചയ്ക്കുശേഷം ഓരോന്നും കുട്ടികൾ എഴുതി അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. കുട്ടികൾ (ടെക്സ്റ്റ് ബുക്കിൽ എഴുതുന്നു)

## എത്ര വാക്യങ്ങൾ (വർക്ക് ബുക്ക്)

മാതൃകാ വാക്യം ചർച്ച ചെയ്യാം. മറ്റ് ചില വാക്യങ്ങൾ കുട്ടികൾ പറഞ്ഞശേഷം എഴുതട്ടെ. ടീച്ചർ വിലിയിരുത്തണം.

## പാടിരസിക്കാം (ടെക്സ്റ്റ് ബുക്ക്)

ടീച്ചറും കുട്ടികളും ചേർന്നു പാടട്ടെ.

## പാഠം 6
# ഓണം പൊന്നോണം

*മലയാളികളുടെ ദേശീയ ആഘോഷമാണ് ഓണം. ഓണത്തെക്കുറിച്ചറിയുന്നതിനും ഓണത്തിന്റെ സന്ദേശം തിരിച്ചറിയുന്നതിനും ഒപ്പം ഭാഷാ അനുഭവങ്ങൾ ലഭിക്കുന്നതിനുമാണ് ഈ പാഠം. ഓണത്തെക്കുറിച്ച് പറയാനും കേൾക്കാനും കുട്ടികൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. കൂടുതൽ അവസരങ്ങൾ ഈ പാഠത്തിലൂടെ നൽകണം. ഓണത്തെക്കുറിച്ചുള്ള ഈ ചെറു വിവരണത്തിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുന്ന പദങ്ങളും വാക്യങ്ങളും കുട്ടികൾ സ്വായത്തമാക്കണം.*

### നേടേണ്ട ശേഷികൾ / ധാരണകൾ

- ഓണം നമ്മുടെ ദേശീയ ആഘോഷമാണെന്ന് തിരിച്ചറിയുന്നതിന്.
- വിവരണങ്ങൾ കേട്ടും വായിച്ചും ആശയം സ്വീകരിക്കുന്നതിന്.
- അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കുന്നതിനും എഴുതുന്നതിനും.
- ആഘോഷങ്ങളെക്കുറിച്ച് വിവരിച്ച് പറയുന്നതിന്, കവിതകൾ ചൊല്ലി ആസ്വദിക്കുന്നതിന്.

### മൂല്യങ്ങൾ / മനോഭാവങ്ങൾ

പരസ്പരം സ്നേഹിക്കുന്നതിനും സൗഹൃദം പങ്കുവെക്കുന്നതിനും.

ആഘോഷ വേളകളിൽ തന്റെ റോൾ തിരിച്ചറിയുന്നതിന്.

### ഊന്നൽ നൽകുന്ന അക്ഷരങ്ങൾ, ചിഹ്നങ്ങൾ

**ഉ ഊ ഒ ഓ ണ ഞ്ഞ മ്പ**

**ു ൂ ൊ ോ**

### പാഠ ഭാഗത്തേക്ക്

ടീച്ചർ ചില ചോദ്യങ്ങൾ ചോദിക്കുന്നു

നമ്മൾ ഏതെല്ലാം ആഘോഷങ്ങൾ വീട്ടിൽ ആഘോഷിക്കാറുണ്ട്.

ഓണാഘോഷത്തിന് എന്തൊക്കെ പരിപാടികൾ ഉണ്ടാകും.

ടീച്ചർ ഒരാഖ്യാനം അവതരിപ്പിക്കുന്നു.

അരുണും ആതിരയും കൂട്ടുകാരാണ്. അവർ ഒന്നിച്ചാണ് എന്നും കളിക്കുക. ഓണം വന്നാലെത്ര നന്നായി അവർ കാത്തിരുന്നു. അങ്ങനെ കാത്തുകാത്ത് അവസാനം ആരു വന്നു. കുട്ടികൽ ഓണം എന്നു പറയുന്നു.

ടീച്ചർ ഓണം വന്നു എന്ന് ചാർട്ടിലെഴുതുന്നു.

ഓണം വന്നപ്പോൾ അരുണിനും ആതിരക്കും ഒരു മോഹം.

എന്തായിരിക്കും മോഹം. കുട്ടികൾ പൂക്കളം എന്നുപറയുന്ന തരത്തിൽ ചർച്ച. പൂക്കളം ഒരുക്കണം ടീച്ചർ ചാർട്ടിലെഴുതുന്നു.

ഇങ്ങനെ പാഠഭാഗം കുട്ടികളുടെ പങ്കാളിത്തത്തോടെ രൂപീകരിച്ച് ചാർട്ടിലെഴുതി വായിക്കാം.

വായനാ പ്രക്രിയയിലൂടെ അക്ഷരം തിരിച്ചറിയുന്നു. എഴുതുന്നു.

## കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതാം (വർക്ക് ബുക്ക്)

കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ.

## പൂരിപ്പിച്ചെഴുതുക (ടെക്സ്റ്റ് ബുക്ക്)

പദങ്ങളിലെ വിട്ടുപോയ അക്ഷരങ്ങളൊഴികെ ബാക്കിഭാഗം വായിക്കുന്നു. ചുവടെ നൽകിയ അക്ഷരങ്ങളും വായിക്കുന്നു. യോജിച്ച അക്ഷരങ്ങൾ ചേർത്ത് പദങ്ങൾ എഴുതുന്നു. അവതരണം:- ബോർഡിൽ എഴുതുന്നു. വായന മെച്ചപ്പെടുത്തൽ. തുടർന്ന് വർക്കുബുക്കിലെ പദങ്ങളുണ്ടാക്കാം പ്രവർത്തനം ചെയ്യുന്നു.

## പൂരിപ്പിക്കാം (ടെക്സ്റ്റ് ബുക്ക്)

അക്ഷരങ്ങളും അവയുടെ ചിഹ്നങ്ങളും ടീച്ചർ ബോർഡിലെഴുതി ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു. ഓരോ ചിഹ്നങ്ങളും ചേർത്ത് പദങ്ങൾ കുട്ടികളെഴുതുന്നു. അവതരണം:- ടീച്ചർ ബോർഡിലെഴുതുന്നു. വായന, ചർച്ച, കുട്ടികൾ, കൂട്ടിച്ചേർക്കൽ.

അരുണും ആതിരയും പൂക്കളം തീർക്കാൻ തീരുമാനിച്ചു.
അവർ തൊടിയിലേക്കിറങ്ങി എന്നിട്ടോ...
പൂക്കൾ പറിച്ചു. എവിടെ വെച്ചു?
കൊട്ടയിലിട്ടു- വീട്ടിൽ പോയി. എന്നിട്ട്?
പൂക്കളം തീർത്തു പിന്നെ...?
കോടി ഉടുത്തു. പിന്നെ?
സദ്യ കഴിച്ചു.

ചർച്ചയിലൂടെ പാഠം രുപീകരിക്കാം.

പാഠം ടീച്ചറും കുട്ടികളും വായിക്കുന്നു.

വായിക്കാം. എന്ന പ്രവർത്തനത്തിലെ പദങ്ങൾക്ക് ഊന്നൽ നൽകുന്ന തരത്തിൽ വായിക്കുന്നു. പ്രക്രിയയിലൂടെ അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കുന്നു, എഴുതുന്നു.

## പൂരിപ്പിക്കാം

അക്ഷരങ്ങളും അവയുടെ ചിഹ്നങ്ങളും ബോർഡിലെഴുതി വായിക്കുന്നു. ചിഹ്നങ്ങൾ ചേർത്ത് എഴുതിയ പദങ്ങൾ വായിച്ചശേഷം മറ്റ് പദങ്ങൾ പറയുന്നു. കുട്ടികൾ എഴുതുന്നു. അവതരണം:- ടീച്ചർ ബോർഡിൽ എഴുതുന്നു. വായന, ചർച്ച, കുട്ടികൾ തെറ്റ് തിരുത്തി ടെക്സ്റ്റ് ബുക്കിൽ എഴുതുന്നു.

എഴുതാം

ഓണം എന്ന പദം ചേർത്ത് എത്ര പദങ്ങളറിയാം? ചർച്ച

ഓണപ്പൂക്കളം

ഓണക്കോടി പിന്നെ....

കുട്ടികൾ പരമാവധി പദങ്ങൾ പറയട്ടെ. ടീച്ചറും കൂട്ടിച്ചേർക്കും.കുട്ടികൾ എഴുതട്ടെ. അവതരണം - ടീച്ചർ ബോർഡിൽ എഴുതുന്നു - ചർച്ച മെച്ചപ്പെടുത്തൽ കുട്ടികൾ ടെക്സ്റ്റ് ബുക്കിൽ എഴുതുന്നു.

## യോജിച്ച പദങ്ങൾ ചേർത്ത് വാക്യം പൂരിപ്പിക്കാം. (ടെക്സ്റ്റ് ബുക്ക്)

വാക്യങ്ങളിലെ പദങ്ങളും കളങ്ങളിലെ പദങ്ങളും വായിക്കുന്നു. കുട്ടികൾ യോജിച്ച പദങ്ങൾ കളങ്ങളിൽ നിന്നെടുത്ത് പൂരിപ്പിക്കട്ടെ. അവതരണം:- വിലയിരുത്തൽ, മെച്ചപ്പെടുത്തൽ,

വർക്ക് ബുക്ക് പ്രവർത്തനം.

പൂരിപ്പിക്കുക കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു.

## അക്ഷരങ്ങൾ ചേർത്ത് പൂരിപ്പിക്കുക (വർക്ക് ബുക്ക്)

ചിത്രങ്ങൾ നോക്കി ചുവടെയുള്ള പദങ്ങൾ വായിച്ച് വിട്ടുപോയ അക്ഷരങ്ങൾ വ്യക്തിഗതമായി പൂരിപ്പിക്കട്ടെ. ടീച്ചർ വിലയിരുത്തണം.

## ചിഹ്നങ്ങൾ ചേർത്ത് എഴുതാം (ടെക്സ്റ്റ് ബുക്ക്)

ഓരോ കുട്ടിയും ഒരു തുണ്ടു കടലാസിൽ സ്വന്തം പേര് ചിഹ്നങ്ങളില്ലാതെ എഴുതുന്നു. സ്ലിപ്പ് കൈമാറി കൈയ്യിൽ കിട്ടിയ സ്ലിപ്പിലെ പേരിൽ ചിഹ്നം ചേർത്ത് വായിക്കുന്നു അയാളെ തിരിച്ചറിയുന്നു.

എഴുതിയ വാക്യങ്ങളിലെ ചിഹ്നങ്ങൾ കാണാനില്ല. യോജിച്ച ചിഹ്നങ്ങൾ ചേർത്ത് അർത്ഥപൂർണ്ണമായ വാക്യങ്ങൾ വ്യക്തിഗതമായി നിർമ്മിക്കട്ടെ.

## ചിഹ്നങ്ങൾ ചേർത്ത് പദങ്ങൾ എഴുതാം (വർക്ക് ബുക്ക്)

പ്രവർത്തനം കുട്ടികൾ ഗൃഹപാഠമായി ചെയ്യട്ടെ. ടീച്ചർ വിലയിരുത്തിയാൽ മതി.

## പാടി രസിക്കാം (ടെക്സ്റ്റ് ബുക്ക്)

ടീച്ചറും കുട്ടികളും ചേർന്ന് പാട്ട് പാടട്ടെ.

പൂക്കളത്തിനു നിറം നൽകാം

കുട്ടികൾക്ക് ക്രയോൺ ബോക്സ് നൽകുന്നു ഉചിതമായ നിറങ്ങൾ നൽകി പൂക്കളം നിറക്കട്ടെ. നിറം നൽകിയതിനു ശേഷം നൽകിയ നിറങ്ങൾ ചുവടെ എഴുതാം.

## മാതൃക പോലെ എഴുതാം (ടെക്സ്റ്റ് ബുക്ക്)

പദങ്ങൾ രണ്ടും വായിച്ച് അവ കൂടിച്ചേരുമ്പോൾ വരുന്ന മാറ്റം മാതൃകയിലൂടെ ചർച്ച ചെയ്ത് മറ്റുള്ളവ സ്വന്തമായി എഴുതട്ടെ.

## പാഠം 7
# കളിപ്പന്തൽ

*കുട്ടിക്കാലം കളിക്കാലം കൂടിയാണ്. കുട്ടികളിലെ നൈസർഗികമായ കഴിവുകളുടെ വളർച്ചയ്ക്കും വികാസത്തിനും ഏറെ സഹായിക്കുന്നവയാണ് കൂട്ടുചേർന്നുള്ള കളികൾ. സംഘബോധം, പരസ്പര സ്നേഹം, സൗഹൃദം തുടങ്ങിയവയൊക്കെ ഊട്ടിയുറപ്പിക്കുന്നതിൽ കളികൾക്കുള്ള പങ്ക് വലുതാണ്. ഇത്തരം നല്ല ശീലങ്ങളിലേക്ക് കുട്ടികളെ നയിക്കുന്നതിനു കൂടി ഈ പാഠം ലക്ഷ്യമിടുന്നു. ഗ്രാമീണത്തനിമയുള്ള കളികൾ കുട്ടികൾക്ക് അന്യമായിക്കൊണ്ടിരിക്കുന്ന വർത്തമാന കാലത്ത് അവരെ അതിലേക്ക് തിരിച്ചു കൊണ്ടുവരാൻ കൂടി ഇത്തരം പാഠങ്ങൾ സഹായിക്കും.*

### ശേഷികൾ / ധാരണകൾ

- കുട്ടിക്കവിതകൾ കേൾക്കുന്നതിനും വായിക്കുന്നതിനും ചൊല്ലി രസിക്കുന്നതിനും.
- അക്ഷരങ്ങൾ, പദങ്ങൾ, സ്വരചിഹ്നങ്ങൾ പരിചയപ്പെടുന്നതിനും തിരിച്ചറിയുന്നതിനും വായിക്കുന്നതിനും.
- തിരിച്ചറിഞ്ഞ അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉപയോഗിച്ച് പുതിയ പദങ്ങൾ, വാക്യങ്ങൾ എഴുതുന്നതിന്.
- കളികളിലൂടെ ഉണ്ടാവുന്ന സ്നേഹ, സൗഹൃദങ്ങൾ തിരിച്ചറിയുന്നതിന്.
- കളിപ്പാട്ടങ്ങൾ സ്വന്തമായി നിർമ്മിക്കുന്നതിന്.
- വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്

### മൂല്യങ്ങൾ / മനോഭാവങ്ങൾ

- സംഘ ബോധം
- സൗഹൃദം
- പരസ്പര സ്നേഹവും ബഹുമാനവും

### വ്യവഹാര രൂപങ്ങൾ

- കവിത
- വിവരണം

### ഊന്നൽ നൽകേണ്ട അക്ഷരങ്ങൾ ചിഹ്നങ്ങൾ

**ന്ത ബ പ്പ ച്ച ൺ എ ഏ ൈ േ**

### പ്രവർത്തനങ്ങൾ

- ഒഴിവു സമയങ്ങളിൽ നിങ്ങൾ എന്തെല്ലാം കളികളിലേർപ്പെടാറുണ്ട്?
- ആരുടെ കൂടെയാണ് നിങ്ങൾ കളിക്കാറുള്ളത്?
- എവിടെയാണ് നിങ്ങൾ കളിക്കുന്നത്?
- പന്തലിൽ എന്തെല്ലാം കളിപ്പാട്ടങ്ങൾ കാണാം?
- പന്തൽ ഉണ്ടാക്കിയത് എന്തെല്ലാം ഉപയോഗിച്ചാണ്?

ടീച്ചർ കവിത അവതരിപ്പിക്കുന്നു (വായനാ പ്രക്രിയ പാലിക്കുമല്ലോ)

## വായിക്കാം (ടെക്സ്റ്റ് ബുക്ക്)

ചാർട്ടിൽ / ബോർഡിൽ എഴുതിയ പദങ്ങൾ ടീച്ചർ വായിച്ചു കേൾപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. ഏതാനും കുട്ടികൾക്ക് ക്ലാസിൽ ഉറക്കെ വായിക്കാൻ അവസരം നൽകുന്നു. മറ്റു കുട്ടികൾ ഏറ്റു വായിക്കുന്നു.

പദങ്ങളിലെ അക്ഷരങ്ങൾ വേറിട്ടു പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. ചിത്രങ്ങൾക്കൊപ്പം കൊടുത്ത പദങ്ങൾ ടീച്ചർ വായിക്കുന്നു. കുട്ടികൾ ഏറ്റുവായിക്കുന്നു. ചുവന്ന നിറത്തിലുള്ള അക്ഷരങ്ങൾ എഴുതുന്നു.

## കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതാം (വർക്ക് ബുക്ക്)

കുട്ടികൾ പ്രവർത്തനം വ്യക്തിഗതമായി ചെയ്യട്ടെ. വായുവിലും മണലിലും മറ്റും എഴുതി പരിശീലിക്കട്ടെ.

## പൂരിപ്പിച്ചെഴുതാം

നേരത്തെ പരിചയപ്പെട്ട അക്ഷരങ്ങൾ പുതിയ വാക്കുകളിൽ പ്രയോഗിക്കാനുള്ള അവസരമാണിവിടെ. കുട്ടികൾ വ്യക്തിഗതമായി പ്രവർത്തനം ചെയ്യട്ടെ. കൈമാറി പരിശോധിച്ചും ക്ലാസിൽ അവതരിപ്പിച്ചും വിലയിരുത്താനും മെച്ചപ്പെടുത്താനും അവസരം ഒരുക്കുമല്ലോ.

വർക്ക് ബുക്കിൽ നൽകിയിട്ടുള്ളതും 'വായിക്കാം എഴുതാം' എന്ന പ്രവർത്തനവും ഇതിന്റെ തുടർച്ചയായി ചെയ്യട്ടെ. ഒന്നോ രണ്ടോ പുതിയ പദങ്ങൾ നിർദ്ദിഷ്ട അക്ഷരം വരുന്നവ അവർ കണ്ടെത്തി എഴുതട്ടെ.

## പാടി രസിക്കാം

പാട്ട് ടീച്ചറും കുട്ടികളും ചേർന്ന് പാടാം. ശേഷം ചെറു ഗ്രൂപ്പുകൾക്ക് അവതരിപ്പിക്കുവാനും അവസരം നൽകാം. പാട്ടിനു ശേഷം ഒരു ലഘു ചർച്ചയാവാം? പാട്ടിനൊപ്പം നൽകിയ ചിത്രങ്ങൾ നിരീക്ഷിക്കുവാനും പറയുമല്ലോ!

- ❖ കൂട്ടുകാർ എന്തെല്ലാം കളികൾ കളിച്ചു കാണും?
- ❖ നിങ്ങൾ കൂട്ടു ചേർന്ന് കളിക്കുന്ന കളികൾ എന്തെല്ലാം?

## പറയാം, എഴുതാം

വിവിധ കളികളുടെ പേരുകൾ പറഞ്ഞതിനു ശേഷം അവ എഴുതാം

വർക്ക് ബുക്കിലെ കളത്തിലെ കളികൾ വലയത്തിലാക്കി എഴുതൽ എന്ന പ്രവർത്തനവും ഇതോടൊന്നിച്ച് നൽകുമല്ലോ.

## യോജിപ്പിച്ച് നിർമ്മിക്കാം (വർക്ക് ബുക്ക്)

വ്യക്തിഗതമായി ചെയ്യട്ടെ, ബന്ധം പറയട്ടെ.

## പദങ്ങൾ നിർമ്മിക്കാം (ടെക്സ്റ്റ് ബുക്ക്)

പദങ്ങൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ. കുട്ടികൾ അവതരിപ്പിക്കുന്ന പദങ്ങൾ ബോർഡിൽ / ചാർട്ടിൽ ലിസ്റ്റ് ചെയ്യുകയും തെറ്റുകൾ സ്വയം തിരുത്താൻ അവസരം. നൽകുകയും ചെയ്യുമല്ലോ:

## ഉമയും കൂട്ടുകാരും

പാഠഭാഗം വായനാ പ്രക്രിയ പാലിച്ചുകൊണ്ട് ടീച്ചർ അവതരിപ്പിക്കുന്നു.

## വായിക്കാം

പദക്കാർഡുകൾ പ്രദർശിപ്പിച്ച് ടീച്ചർ വായിക്കുന്നു. കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു.

പദങ്ങൾ എഴുതാം

കുട്ടികൾ വ്യക്തിഗതമായി എഴുതുന്നതിനു മുമ്പ് എ, ഏ എന്നീ അക്ഷരങ്ങളും അവയുടെ ചിഹ്നങ്ങും പരിചയപ്പെടുന്നതിനുള്ള ചില പ്രവർത്തനങ്ങൾ കൂടി നൽകാൻ ശ്രമിക്കുമല്ലോ. (അക്ഷരക്കാർഡുകളും ചിഹ്നക്കാർഡുകളും പ്രദർശിപ്പിക്കാം. വായിക്കാം. ഈ ചിഹ്നങ്ങൾ വരുന്ന ചില പദങ്ങൾ എഴുതി വായിക്കാൻ അവസരം നൽകാം. ഏതാനും പദങ്ങൾ പറയാൻ അവസരം നൽകാം.)

'ചിത്രം നോക്കാം വായിക്കാം' എന്ന പ്രവർത്തനം ഇതിന്റെ തുടർച്ചയായി നൽകാം.

## പദങ്ങൾ എഴുതാം (വർക്ക് ബുക്ക്)

പ്രവർത്തനം വ്യക്തിഗതമായി ചെയ്യട്ടെ. ഗ്രൂപ്പിലും ക്ലാസിലും അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ.

## വാക്യങ്ങൾ എഴുതാം

എഴുത്തിനു മുമ്പ് പട്ടികയിൽ നിന്ന് ഏതാനും വാക്യങ്ങൾ നിർമ്മിച്ച് പറയട്ടെ. തുടർന്ന് വ്യക്തിഗതമായി എഴുതാൻ അവസരം നൽകാം. വിലയിരുത്തുകയും തെറ്റുകൾ തിരുത്താനും മെച്ചപ്പെടുത്താനും അവസരം ഒരുക്കുകയും ചെയ്യുമല്ലോ!

## കളിപ്പാട്ടുകൾ പാടാം

ഇതര കളിപ്പാട്ടുകളും ക്ലാസിൽ ശേഖരിച്ച് സംഘമായി പാടാം. കുട്ടികൾക്കറിയാവുന്നവ അവതരിപ്പിക്കാൻ അവസരം ഒരുക്കുമല്ലോ. കളിപ്പാട്ട് പതിപ്പുകൾ / ചുമർ പത്രികകൾ ഒരുക്കുകയുമാവാം.

## കളിപ്പാട്ടങ്ങളുണ്ടാക്കാം

കുട്ടികൾ നിർമ്മിക്കുന്ന കളിപ്പാട്ടങ്ങളുടെ പ്രദർശനം ക്ലാസിൽ / ക്ലാസ് പി.ടി.എ.യിൽ ഒരുക്കാം.

## കടങ്കഥകളുടെ ഉത്തരം കണ്ടെത്തി എഴുതാം (വർക്ക് ബുക്ക്)

വ്യക്തിഗതമായി ചെയ്യട്ടെ. അവർക്കിഷ്ടപ്പെട്ട ഏതെങ്കിലും കളിപ്പാട്ടങ്ങളുടെ കടങ്കഥ നിർമ്മിക്കാനും ശ്രമിക്കട്ടെ.

## പാഠം 8
# അമ്മുവിന്റെ തോട്ടം

*നമ്മുടേത് ഒരു കാർഷിക രാജ്യമാണ്. കൃഷിയാണ് നമ്മുടെ നിലനില്പിന് ആധാരം. നട്ടുനക്കാനും ചെടികൾ വളർത്താനും ഉള്ള മനോഭാവം കുട്ടികളിൽ ഉണ്ടാവണം. പ്രകൃതിയെ നിരിക്ഷീച്ചും ആസ്വദിച്ചും വളരണം. വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ ആരോഗ്യത്തിന് ഗുണകരമാവുമെന്ന് ചെറുപ്പത്തിലേ കുട്ടികൾക്ക് ബോധ്യം വരണം. കൃഷിയുമായി ബന്ധപ്പെട്ട ഒരു വിവരണമാണ് പാഠഭാഗം.*

### നേടേണ്ട ശേഷികൾ / ധാരണകൾ

- ലഘു വിവരണങ്ങൾ ധാരണ രൂപീകരിക്കുന്നതിന്.
- ലഘു വിവരണങ്ങൾ കേൾക്കുന്നതിനും വായിക്കുന്നതിനും
- അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനും.
- ലഘു വിവരങ്ങൾ എഴുതുന്നതിന്.
- കവിതകൾ ചൊല്ലി ആസ്വദിക്കുന്നതിന്.

### മനോഭാവങ്ങൾ മൂല്യങ്ങൾ

- കൃഷി ചെയ്യുന്നതിനുള്ള മനോഭാവം
- ഏതു തൊഴിലും മഹത്തരമാണെന്ന് തിരിച്ചറിയുന്നതിന്.

### ഊന്നൽ നൽകുന്ന അക്ഷരങ്ങൾ ചിഹ്നങ്ങൾ

**ജ ഷ ഔ മ്മ ച്ച ങ്ങ**

**ൗ ൃ**

### പാഠഭാഗത്തേക്ക്

പാഠപുസ്തകത്തിലെ ചിത്രം നിരീക്ഷിക്കുന്നു എന്താണ് ചിത്രത്തിൽ? ആരൊക്കെയായിരിക്കും പച്ചക്കറിത്തോട്ടത്തിൽ? അവർ എവിടെ നിന്നു വരുന്നു? ചർച്ചയ്ക്കുശേഷം ടീച്ചർ പാഠഭാഗം ചാർട്ടിലോ പുസ്തകത്തിലോ അവതരിപ്പിക്കുന്നു.

വിവരണത്തിന്റെ ആദ്യഭാഗ വായനക്ക് ശേഷം ചിത്രങ്ങൾ നോക്കി കുട്ടികൾ പച്ചക്കറികളുടെ പേരെഴുതട്ടെ.

തുടർന്നുള്ള വിവരഭാഗവും വായിച്ചശേഷം വായനയിലൂടെ അക്ഷരപഠനം നടത്തുന്ന പ്രക്രിയയിലൂടെ കടന്നുപോകുന്നു. 'വായിക്കാം' എന്ന ഭാഗത്ത് നൽകിയ പദങ്ങൾക്കും അക്ഷരങ്ങൾക്കുമാണ് ഊന്നൽ നൽകേണ്ടത്. അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് എഴുതട്ടെ. വർക്കുബുക്കിലെ കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതട്ടെ. തുടർന്ന് കവിതാഭാഗം ടീച്ചറും കുട്ടികളും ചേർന്ന് ചൊല്ലട്ടെ.

### യോജിച്ച അക്ഷരങ്ങൾ തെരഞ്ഞെടുത്ത് പൂരിപ്പിക്കുക

പദങ്ങളിലെ അക്ഷരങ്ങളും കളങ്ങളിലെ അക്ഷരങ്ങളും വായിക്കുന്നു. പദങ്ങൾ ഏതെന്ന് ഊഹിക്കുന്നു. വ്യക്തിഗതമായി എഴുതുന്നു. അവതരണം. ടീച്ചർ ചാർട്ടിൽ എഴുതുന്നു. ചർച്ച മെച്ചപ്പെടുത്തൽ, കുട്ടികളെ തെറ്റുതിരുത്തൽ, ടീച്ചറുടെ വിലയിരുത്തൽ.

## അക്ഷരങ്ങൾ ചേർത്ത് പദങ്ങൾ എഴുതാം (വർക്ക് ബുക്ക്)

പദങ്ങൾ ടീച്ചറും കുട്ടികളും വായിക്കുന്നു. അടിയിൽ വരയിട്ട പദങ്ങൾ കണ്ടെത്തുന്നു. ആ അക്ഷരം ചേർത്ത് പുതിയ പദങ്ങൾ കണ്ടെത്തി എഴുതട്ടെ. പദങ്ങൾ അവതരിപ്പിച്ച ശേഷം ചർച്ച മെച്ചപ്പെടുത്തൽ.

## യോജിച്ച പദങ്ങൾ ചേർത്ത് വാക്യങ്ങൾ എഴുതുക (ടെക്സ്റ്റ് ബുക്ക്)

വാക്യങ്ങളിലെ പദങ്ങളും കളങ്ങളിലെ പദങ്ങളും ചേർത്ത് അർത്ഥ പൂർണ്ണമായ വാക്യങ്ങൾ വ്യക്തിഗതമായി എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## വായിക്കാം (ടെക്സ്റ്റ് ബുക്ക്)

കൂട്ടക്ഷരങ്ങൾ ഉൾപ്പെടുന്ന കൂടുതൽ പദങ്ങൾ വായിക്കുന്നതിനുള്ള പ്രവർത്തനമാണിത്. പദങ്ങൾ വായിച്ച് നോട്ടുബുക്കിൽ എഴുതട്ടെ.

## മറ്റെന്തെല്ലാം ഔഷധച്ചെടികൾ (ടെക്സ്റ്റ് ബുക്ക്)

കുട്ടികൾക്ക് സ്വതന്ത്രമായി ഔഷധച്ചെടികളുടെ പേരെഴുതാനുള്ള അവസരമാണിത്. എഴുതിയവ അവതരിപ്പിച്ച് ഔഷധ സസ്യങ്ങളുടെ പേര് ടീച്ചർ ബോർഡിൽ എഴുതുന്നു. കുട്ടികൾ ടെക്സ്റ്റ് ബുക്കിൽ എഴുതുന്നു.

## കൃഷി ചെയ്യാൻ എന്തൊക്കെ വേണം (ടെക്സ്റ്റ് ബുക്ക്)

ലഘു വാക്യങ്ങൾ സ്വന്തമായി എഴുതുന്നതിനുള്ള പ്രവർത്തനമാണിത്. എഴുതിയ വാക്യങ്ങൾ വായിച്ച് ചർച്ച ചെയ്യാം ഇനി എന്തൊക്കെയാവാം ചർച്ച. തുടർന്ന് കുട്ടികൾ എഴുതട്ടെ. അവതരിപ്പിച്ച് മെച്ചപ്പെടുത്തണം.

## പാടാം രസിക്കാം (ടെക്സ്റ്റ് ബുക്ക്)

കവിത, ടീച്ചറും കുട്ടികളും ചേർന്ന് ചൊല്ലട്ടെ.

## കടങ്കവിത

ടീച്ചറും കുട്ടികളും ചേർന്ന് അവതരിപ്പിക്കട്ടെ.

## പറഞ്ഞു നോക്കാം എഴുതാം (വർക്ക് ബുക്ക്)

മാതൃകയിലെ പദങ്ങൾ ടീച്ചർ വായിക്കുന്നു, ബന്ധങ്ങൾ കണ്ടെത്തുന്നു. അതുപോലെ മറ്റു പദങ്ങൾ വായിച്ച് ബന്ധങ്ങൾ കണ്ടെത്തി കുട്ടികൾ എഴുതി അവതരിപ്പിക്കട്ടെ. ടീച്ചർ വിലയിരുത്തണം.

## വരികൾ കൂട്ടിച്ചേർക്കാം (വർക്ക് ബുക്ക്)

പച്ചക്കറികളെക്കുറിച്ച് ക്ലാസിൽ ചർച്ച നടത്തുന്നു. ഏതെല്ലാം പച്ചക്കറികൾ കുട്ടികൾ പറയുന്നു? ടീച്ചർ ബോർഡിൽ എഴുതുന്നു. പരമാവധി പച്ചക്കറികളുടെ പേരെഴുതണം.

ടീച്ചർ കവിതാഭാഗം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

മൂന്നുവരി കവിത ചൊല്ലുന്നു

കുട്ടികൾ ഏറ്റു ചൊല്ലുന്നു.

താളം തിരിച്ചറിയുന്നു. ചൊല്ലുന്നു.

തന്നനനാനാ തനനാനാ

തന്നനനാനാ തനനാനാ

ഇതേ താളത്തിൽ കവിതയുടെ ബാക്കിഭാഗം പച്ചക്കറികളുടെ പേര് ചേർത്ത് പൂരിപ്പിക്കട്ടെ.

പൂരിപ്പിച്ച വരികൾ ടീച്ചർ ശേഖരിച്ച് ബോർഡിലെഴുതുന്നു. മികച്ചവയെ അഭിനന്ദിക്കുന്നു. കുട്ടികൾ കൂട്ടിച്ചേർക്കുന്നു.

## ചിത്രം വരയ്ക്കാം നിറം നൽകാം (വർക്ക് ബുക്ക്)

കുട്ടികൾ അവർക്കിഷ്ടപ്പെട്ട ഒരു പച്ചക്കറിയുടെ ചിത്രം വരച്ച് നിറം നൽകട്ടെ. ടീച്ചർ വിലയിരുത്തണം.

# പാഠം 9
# എന്റെ വിദ്യാലയം

*കുട്ടികളെ സംബന്ധിച്ച് അവരുടെ മറ്റൊരു വീടാണ് സ്കൂൾ. അവിടുത്തെ കളിയും ചിരിയും പഠനവും അധ്യാപകരുടെ സ്നേഹവുമെല്ലാം മറക്കാനാവാത്ത അനുഭവമാണ്. കരഞ്ഞും സങ്കടപ്പെട്ടും ഇരിക്കാനല്ല, സ്കൂളിന്റെ നന്മകൾ കണ്ട് സ്കൂളിനെ സ്നേഹിക്കാൻ കഴിയുമ്പോഴാണ് പഠനം നന്നാവുന്നത്. സ്വന്തം വിദ്യാലയത്തെയും അധ്യാപകരേയും സ്കൂളിന്റെ ചുറ്റു പാടുകളെയും സ്നേഹിക്കാൻ കുട്ടികൾക്ക് കഴിയണം. അക്ഷര പഠനത്തിന് ഊന്നൽ നൽകുന്നതിനോടൊപ്പം നല്ല വിദ്യാലയം എന്റെ വിദ്യാലയം എന്ന ചിന്ത കുട്ടികൾക്ക് ഉണ്ടാവണം.*

### നേടേണ്ട ശേഷികൾ / ധാരണകൾ

- വിദ്യാലയത്തെ സ്വന്തം വീടിനെയെന്ന പോലെ സ്നേഹിക്കണം.
- കവിതകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- വിവരണങ്ങൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്.
- അക്ഷരങ്ങൾ ചിഹ്നങ്ങൾ പദങ്ങൾ വാക്യങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനും.
- അറിയിപ്പുകൾ കേട്ട് ആശയം ഗ്രഹിക്കുന്നതിന്.

### മനോഭാവം / മൂല്യങ്ങൾ

- വിദ്യാലയത്തോട് അടുപ്പവും സ്നേഹവും രൂപപ്പെടുത്തുക
- സഹപാഠികളെ കളിക്കൂട്ടുകാരായി കണ്ട് സ്നേഹിക്കുക.
- സ്കൂളിലെ വിവിധ പരിപാടികളിൽ പങ്കെടുക്കുക.

### ഊന്നൽ നൽകുന്ന അക്ഷരങ്ങൾ ചിഹ്നങ്ങൾ

**ഥ ഠ ധ ഹ ഡ ഭ**

**ൃ ല**

### പാഠ ഭാഗത്തേക്ക്

ടീച്ചർ ക്ലാസിൽ ചർച്ച നടത്തുന്നു.

നമ്മുടെ സ്കൂളിന്റെ പേരെന്ത്?

സ്കൂൾ നിങ്ങൾക്കിഷ്ടമായോ?

എന്തുകൊണ്ടാണ് ഇഷ്ടമായത്?

കൂടുതൽ ചോദ്യങ്ങൾ ചോദിച്ച് ചർച്ച നയിക്കുന്നു.

സ്കൂളിനെക്കുറിച്ചുള്ള ഏതെങ്കിലും പാട്ട് പാടുന്നു.

സ്കൂളിന്റെ ഒരു ചിത്രം വരയ്ക്കാമോ?

ടീച്ചർ സ്കൂളിന്റെ ചിത്രം വരച്ച കോപ്പി കുട്ടികൾക്ക് നൽകി കളർ നൽകാൻ ആവശ്യപ്പെടുന്നു. തുടർന്ന് പാഠ പുസ്തകത്തിൽ വരക്കാം.

ടീച്ചർ കവിത ചൊല്ലി അവതരിപ്പിക്കുന്നു.

ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

പ്രക്രിയ പാലിച്ച് വായന നടത്തുന്നു.

വായിക്കാം എന്ന പ്രവർത്തനത്തിലൂടെ പദങ്ങൾ ബോർഡിൽ എഴുതുന്നു. അക്ഷരങ്ങൾ തിരിച്ചറിയുന്നു. എഴുതുന്നു വർക്കുബുക്കിലെ കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുത്ത് എന്ന പ്രവർത്തനം ചെയ്യുന്നു.

## ചിത്രത്തിനു താഴെ പേരെഴുതുക

ചിത്രം ടീച്ചറും കുട്ടികളും നിരീക്ഷിക്കുന്നു. പേര് പറയുന്നു കുട്ടികൾ ചിത്രത്തിന്റെ പേര് പൂരിപ്പിച്ചെഴുതുന്നു. അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. കുട്ടികൾ തെറ്റ് തിരുത്തുന്നു.

സ്കൂളിൽ എന്തൊക്കെ ആഘോഷങ്ങൾ നടത്താറുണ്ട്?

ഏതെല്ലാം മാസങ്ങളിലാണ് ആഘോഷം?

ആഘോഷങ്ങൾക്ക് എന്തൊക്കെ പരിപാടികൾ ഉണ്ടാകും?

ശിശുദിനാഘോഷം എങ്ങനെ നടത്താം?

ടീച്ചർ ചോദ്യങ്ങളിലൂടെ ചർച്ച നടത്തുന്നു.

ഡേവിഡ് സ്കൂളിൽ എത്തി എന്ന ഭാഗം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

വായനാ പ്രക്രിയയിലൂടെ വായിക്കാം എന്ന പ്രവർത്തനം ചെയ്യുന്നു.

അക്ഷരങ്ങൾ തിരിച്ചറിഞ്ഞെഴുതുന്നു.

## പൂരിപ്പിച്ചെഴുതാം

പ്രവർത്തനം കുട്ടികൾ ചെയ്യട്ടെ. ടീച്ചർ വിലയിരുത്തി മെച്ചപ്പെടുത്തണം.

## വരച്ചു യോജിപ്പിക്കാം (വർക്ക് ബുക്ക്)

പ്രവർത്തനത്തിലെ പദങ്ങൾ വായിക്കുന്നു. കുട്ടികൾ വരച്ചുചേർക്കുന്നു. അവതരണം ചർച്ച മെച്ചപ്പെടുത്തൽ.

ഹാളിനു പുറത്തുവെച്ച ബോർഡ് ടീച്ചർ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. വായിക്കുന്നു. പരിപാടികളുടെ പേര് ടീച്ചർ എഴുതുന്നു വായിക്കുന്നു. കുട്ടികൾ എഴുതട്ടെ.

മൈക്കിലൂടെ വന്ന അറിയിപ്പ് ടീച്ചർ അറിയിപ്പ് രൂപത്തിൽ അവതരിപ്പിക്കുന്നു. ടീച്ചറും കുട്ടികളും വായിക്കുന്നു.

അറിയിപ്പിലെ കുട്ടികളുടെ പേര് ബോർഡിൽ എഴുതുന്നു. അക്ഷരങ്ങൾ തിരിച്ചറിയുന്നു. വായിക്കുന്നു, എഴുതുന്നു.

## പൂരിപ്പിച്ചെഴുതാം (ടെക്സ്റ്റ് ബുക്ക്)

മൂന്നു വാക്യങ്ങളിലേയും ചുവട്ടിൽ കൊടുത്ത പദങ്ങൾ കുട്ടികൾ വായിക്കട്ടെ. സ്വന്തമായി പൂരിപ്പിക്കട്ടെ. ടീച്ചർ വിലയിരുത്തണം.

## പദങ്ങൾ വായിക്കാം കൂട്ടിച്ചേർക്കാം (ടെക്സ്റ്റ് ബുക്ക്)

അക്ഷരങ്ങളും പദങ്ങളും വായിക്കുന്നു പ്രത്യേക ചർച്ച ചെയ്യുന്നു. ഒരു പദം സ്വന്തമായി എഴുതുന്നു. അവതരണം വിലയിരുത്തൽ.

## ചിഹ്നങ്ങൾ ചേർത്ത് പദങ്ങൾ എഴുതാം (ടെക്സ്റ്റ് ബുക്ക്)

പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. കുട്ടികളുടെ അവതരണം ചർച്ച മെച്ചപ്പെടുത്തൽ.

## വാക്യങ്ങൾ എഴുതാം (വർക്ക് ബുക്ക്)

മാതൃകാ വാക്യം വായിച്ച ശേഷം ചർച്ച.

കുട്ടികൾ വാക്യങ്ങൾ നിർമ്മിച്ചെഴുതട്ടെ.

അവതരിപ്പിച്ച് ചർച്ച ചെയ്ത് മെച്ചപ്പെടുത്തണം. മാറ്റി എഴുതണം.

## പഴഞ്ചൊല്ല്

ടീച്ചറും കുട്ടികളും വായിക്കുന്നു.

## പദങ്ങൾ എഴുതാം (വർക്ക് ബുക്ക്)

കുട്ടികൾക്ക് സ്വന്തമായി പദങ്ങൾ എഴുതാൻ അവസരം നൽകുന്നു. ടീച്ചർ വിലയിരുത്തിയാൽമതി.

## പാഠം 10
# കുഞ്ഞനാനയുടെ കല്യാണം

*കുട്ടികളുടെ ഭാവനകൾക്കും സ്വപ്നങ്ങൾക്കും എന്നും നിറം പകരുന്നവയാണ് കാടും കാട്ടു ജീവികളും. അതുകൊണ്ടു തന്നെയാണ് പക്ഷികൾ, മൃഗങ്ങൾ, കാട് എന്നിവയെക്കുറിച്ച് ഇത്ര യേറെ കഥകളും കവിതകളും ലോകത്തെ മിക്ക ഭാഷകളിലും പിറവി കൊണ്ടത്. ഒരു കുഞ്ഞനാ നയുടെ കഥയിലൂടെ ഭാഷയിലെ വിവിധ പ്രയോഗങ്ങൾ, വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവയിലേക്ക് കുട്ടികളെ നയിക്കാനുള്ള പ്രവർത്തനങ്ങളാണ് ഈ പാഠഭാഗത്ത് ഒരുക്കി യിട്ടുള്ളത്.*

### ശേഷികൾ / ധാരണകൾ

- കഥകൾ കേട്ടും വായിച്ചും ആസ്വദിക്കുന്നതിന്
- അക്ഷരങ്ങൾ, പദങ്ങൾ പരിചയപ്പെടുന്നതിനും തിരിച്ചറിയുന്നതിനും വായിക്കുന്നതിനും.
- തിരിച്ചറിഞ്ഞ അക്ഷരങ്ങളുപയോഗിച്ച് പുതിയ പദങ്ങൾ, വാക്യങ്ങൾ എഴുതുന്നതിന്.
- ഭാഷയിലെ വ്യത്യസ്ത പ്രയോഗങ്ങൾ പരിചയപ്പെടുന്നതിനും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനും.
- വിവിധ ജീവികളുടെ സവിശേഷതകൾ തിരിച്ചറിയുന്നതിന്...

### മൂല്യങ്ങൾ / മനോഭാവങ്ങൾ

സ്നേഹം, സൗഹൃദം.

### വ്യവഹാര രൂപങ്ങൾ

കഥ, കവിത.

### ഊന്നൽ നൽകേണ്ട അക്ഷരങ്ങൾ

വ്വ ല്ല ഫ ന്ദ ഗ ണ്ഡ

### പാഠ ഭാഗത്തേക്ക്

- കുട്ടികളുമായി സൗഹൃദ സംഭാഷണമാവാം.
- നിങ്ങളുടെ വീട്ടിൽ ആരുടേയെങ്കിലും വിവാഹഘോഷം നടന്നിട്ടുണ്ടോ?
- നിങ്ങൾ ഏതെങ്കിലും കല്യാണ പരിപാടികളിൽ പങ്കെടുത്തിട്ടുണ്ടോ?
- നിങ്ങളുടെ വീട്ടിലെ കല്യാണത്തിന് ആരെല്ലാം വന്നിരുന്നു?
- ആരുടെ കല്യാണമായിരുന്നു?
- എന്തൊക്കെ ഒരുക്കളാണ് കല്യാണത്തിനായി നടത്തിയിരുന്നത്?

ഇങ്ങനെയുള്ള സംഭാഷണങ്ങളിൽ സ്വതന്ത്രമായി പ്രതികരിക്കുന്നതിന് കുട്ടികൾക്ക് സ്വാതന്ത്ര്യം ലഭിക്കും. ഈ സംഭാഷണങ്ങളിലൂടെ കാട്ടിലെ കല്യാണത്തിലേക്ക് കുട്ടികളെ കൊണ്ടുപോകാം.

### കഥാവതരണം

ടീച്ചർ കഥ അവതരിപ്പിക്കുന്നു വായനാ പ്രക്രിയ പാലിച്ചുകൊണ്ട് അവതരിപ്പിക്കുമല്ലോ.

### വായിക്കാം

പദങ്ങൾ ബോർഡിൽ എഴുതുന്നു.

ടീച്ചർ പദങ്ങൾ ഓരോന്നായി വായിക്കുന്നു. കുട്ടികൾ പദങ്ങൾ വായിക്കുകയും കഥയിൽ അവ കണ്ടെത്തുകയും ചെയ്യട്ടെ... ബോർഡിലെഴുതിയത് കുട്ടികൾക്ക് വ്യക്തിഗതമായി ഉറക്കെ വായിക്കാനും അവസരം നൽകാം.

പദങ്ങൾ അക്ഷരങ്ങളായി മുറിച്ച് വായിക്കാൻ അവസരം ഒരുക്കുന്നു.

### കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതാം

വ്യക്തിഗതമായി ചെയ്യട്ടെ.

### അക്ഷരം ചേർത്ത് പദങ്ങൾ പൂർത്തിയാക്കാം (വർക്ക് ബുക്ക്)

വ്യക്തിഗതമായി ചെയ്യട്ടെ വായിച്ച് അവതരിപ്പിക്കട്ടെ. ടീച്ചർ ബോർഡിൽ എഴുതിയതു നോക്കി തിരുത്താൻ അവസരം നൽകണം.

### എഴുതി നോക്കൂ

- കുഞ്ഞനാനയുടെ കല്യാണത്തിന് വന്നവർ ആരെല്ലാമായിരിക്കും? ക്ലാസിൽ പൊതുവായി ചർച്ച ചെയ്യാം. മൃഗങ്ങളുടേയും പക്ഷികളുടേയും മറ്റും പേരുകൾ കുട്ടികൾ പറയട്ടെ. അതിനു ശേഷം വ്യക്തിഗതമായി എഴുതട്ടെ. അവതരണ സമയത്ത് ഓരോ ജീവിയുടേയും പേര് ടീച്ചർ ബോർഡിൽ/ചാർട്ടിൽ എഴുതുമല്ലോ. അക്ഷരങ്ങളോ ചിഹ്നങ്ങളോ തെറ്റിയവർക്ക് തിരുത്താൻ അവസരം നൽകുമല്ലോ.
- കുഞ്ഞനാനയുടെ കല്യാണത്തിനു വന്നവരെ തരം തിരിച്ചെഴുതുക. (വർക്ക് ബുക്ക്)
- കുഞ്ഞനാനയുടെ കല്യാണത്തിനു വന്ന നാട്ടുകാരും കൂട്ടുകാരും കുടുംബക്കാരും എങ്ങനെയെല്ലാമായിരിക്കും വന്നത്?
- വ്യക്തിഗതമായി പട്ടിക പൂർത്തീകരിച്ചെഴുതട്ടെ. പൊതു അവതരണത്തോടൊപ്പം കൂട്ടിച്ചേർക്കാനും അക്ഷരങ്ങളിലും ചിഹ്നങ്ങളിലുമുള്ള തെറ്റുകൾ തിരുത്താനും അവസരം ഒരുക്കുമല്ലോ?

### പദങ്ങൾ എഴുതാം

- കളത്തിൽ നിന്ന് പരമാവധി പദങ്ങൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ. എഴുതിയ പദങ്ങൾ വായിക്കുന്നതിനുള്ള അവസരവും നൽകണം.
- കഥയുടെ തുടർന്നുള്ള ഭാഗം ടീച്ചർ വായനാ പ്രക്രിയ പാലിച്ചുകൊണ്ട് അവതരിപ്പിക്കുമല്ലോ.

### പദങ്ങൾ ചേർത്ത് പട്ടിക പൂർത്തീകരിക്കുക

വ്യക്തിഗതമായി ചെയ്യട്ടെ. ലേഖനത്തിനു മുമ്പ് ഏതാനും പദങ്ങൾ ക്ലാസിൽ പറയാൻ അവസരമൊരുക്കുന്നത് പിന്നോക്കം നിൽക്കുന്നവർക്കു കൂടി സഹായകമാവും. കുട്ടികൾ എഴുതുന്ന പദങ്ങൾ ബോർഡിൽ ചാർട്ടിൽ എഴുതി വായിക്കാനും തെറ്റുകൾ തിരുത്താനും അവസരം നൽകുമല്ലോ.

### മാതൃകപോലെ എഴുതുക

പുസ്തകത്തിൽ നൽകിയ മാതൃകകൾക്ക് പുറമെ മറ്റു ചിലതുകൂടി നൽകാം.

കുട്ടികൾക്ക് പറയാനും അവസരം നൽകാം.

പറയുന്നതോടൊപ്പം ഇങ്ങനെ പറയുമ്പോഴുണ്ടാകുന്ന അർത്ഥധ്വനി എന്ത് എന്ന് കൂടി ചർച്ച ചെയ്യണം.

നിരവധി ഉദാഹരണങ്ങൾ പറഞ്ഞ ശേഷം അവയിൽ ചിലത് അവർ പുസ്തകത്തിൽ എഴുതട്ടെ.

## മാതൃക പോലെ എഴുതാം

മേൽ പ്രവർത്തനത്തിന്റെ തുടർച്ചയായി ഇത് ചെയ്യട്ടെ. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പറയാനും അവസരം നൽകാം.

## ചിത്രം നോക്കി എഴുതൂ

കുട്ടികൾ ചിത്രം ശ്രദ്ധാപൂർവ്വം നിരീക്ഷിക്കട്ടെ. ഓരോ ചിത്രവുമായി ബന്ധപ്പെട്ട് ലളിതമായ ചോദ്യങ്ങൾ ഉന്നയിക്കാം.

- ആരാണ് ചിത്രത്തിൽ ഉള്ളത്?
- എന്താണ് അവർ ചെയ്യുന്നത്?

ചർച്ചയ്ക്ക് ശേഷം ചിത്രത്തിനു ചുവട്ടിൽ വാക്യം എഴുതട്ടെ.

## കടങ്കഥയുടെ ഉത്തരം എഴുതാം (വർക്ക് ബുക്ക്)

വ്യക്തിഗതമായി എഴുതട്ടെ. പരസ്പരം / ചെറുഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ.

## പാടി രസിക്കാം

ടീച്ചറും കുട്ടികളും ചേർന്നു പാടാം. കുട്ടികളുടെ സംഘങ്ങൾക്കും അവസരം നൽകണം.

## പഴഞ്ചൊല്ല്

പഴഞ്ചൊല്ലിന്റെ ആശയം കൂടി ചർച്ചകളിലൂടെ കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തുമല്ലോ?

## പാഠം 11
# കടയിൽ പോകാം

*കടകളും അങ്ങാടികളും ചന്തകളുമെല്ലാം വെറും വിൽക്കൽ, വാങ്ങൽ. കേന്ദ്രങ്ങൾ മാത്രമല്ല. ഭാഷാ പഠനത്തിനുള്ള നിരവധി സാധ്യതകൾ തുറന്നിടുന്ന ഒരിടം കൂടിയാണത്. അങ്ങാടികളിലും കടകളിലും നടക്കുന്ന ദൈനംദിന പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ ഭാഷാ പഠനത്തിനുള്ള വ്യത്യസ്തമായ അവസരങ്ങൾ ഒരുക്കുകയാണ് ഈ പാഠ ഭാഗത്തിലൂടെ ചെയ്യുന്നത്.*

### ശേഷികൾ / ധാരണകൾ

- ലഘു വിവരണങ്ങൾ കേൾക്കുന്നതിനും വായിച്ച് ആശയം ഉൾക്കൊള്ളുന്നതിനും.
- അക്ഷരങ്ങൾ, പദങ്ങൾ, സ്വര ചിഹ്നങ്ങൾ, ചില്ലക്ഷരങ്ങൾ പരിചയപ്പെടുന്നതിനും തിരിച്ചറിഞ്ഞ് വായിക്കുന്നതിനും.
- തിരിച്ചറിഞ്ഞ അക്ഷരങ്ങളുപയോഗിച്ച് പുതിയ പദങ്ങൾ, വാക്യങ്ങൾ എഴുതുന്നതിന്.
- അനുയോജ്യമായ വരികൾ ചേർത്ത് കവിത പൂർത്തീകരിക്കുന്നതിന്
- ഒന്നിലേറെ വാക്യങ്ങളെ ചേർത്ത് ഒറ്റവാക്യമായി പറയുന്നതിനും എഴുതുന്നതിനും.

### മൂല്യങ്ങൾ... മനോഭാവങ്ങൾ

- തൊഴിലുകളിലേർപ്പെടുന്നത് മഹത്തരമാണ്.
- സാമൂഹ്യബോധം.

### വ്യവഹാര രൂപങ്ങൾ

വിവരണം, അക്ഷരപ്പാട്ട്, സംഭാഷണം.

### ഊന്നൽ നൽകേണ്ട അക്ഷരങ്ങൾ

**ഞ്ച, ഭ, ണ്ണ, ൻ, ൽ, ൾ**

### പ്രവർത്തനങ്ങൾ

- കുട്ടികൾക്ക് സ്വതന്ത്രമായി പ്രതികരിക്കാവുന്ന തരത്തിൽ പൊതു ചർച്ച.
- നിങ്ങളുടെ കൈയിലും ശരീരത്തിലും ബാഗിലുമെല്ലാം എന്തെല്ലാം സാധനങ്ങളുണ്ട്?
- ആരാണ് ഇവയെല്ലാം വാങ്ങിക്കൊണ്ടുവന്നത്? എവിടെ നിന്നാവാം വാങ്ങിയത്?
- ഏതെല്ലാം കടകളിൽ നിന്നാവും ഓരോന്നും വാങ്ങിയിട്ടുണ്ടാവുക?

ചിന്നു കടയിൽ പോവാനൊരുങ്ങുകയാണ്.

എന്തിനാണ് അവൾ പോവുന്നതെന്നറിയാമോ?

ടീച്ചർ പാഠഭാഗം അവതരിപ്പിക്കുന്നു – (വായനാ പ്രക്രിയയിലെ ഘട്ടങ്ങൾ പാലിക്കുമല്ലോ).

### വായിക്കാം

പദങ്ങളും അക്ഷരങ്ങളും ആവർത്തിച്ച് വായിക്കാൻ വ്യത്യസ്തമായ അവസരങ്ങൾ ക്ലാസിൽ ഒരുക്കണം.

'ചിത്രം നോക്കൂ വായിക്കൂ' എന്ന പ്രവർത്തനവും ഇതിന്റെ തുടർച്ചയായി നൽകാം. ഇതേ അക്ഷരങ്ങൾ വരുന്ന കൂടുതൽ പദങ്ങളും അവയുടെ ചിത്രവും ശേഖരിച്ച് അവതരിപ്പിക്കുന്നത് ഫലപ്രദമായിരിക്കും.

## കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതാം (വർക്ക് ബുക്ക്)

വ്യക്തിഗതമായി ചെയ്യട്ടെ. വായുവിലും മണലിലും മറ്റും എഴുതി പരിശീലിക്കാൻ അവസരമൊരുക്കാം.

## അക്ഷരപ്പാട്ടിനു വരികൾ ചേർക്കാമോ?

പുസ്തകത്തിലെ വരികൾ ടീച്ചറും കുട്ടികളും ചേർന്ന് പാടുക. കുട്ടികളുടെ ചെറു ഗ്രൂപ്പുകളും പാട്ടുകൾ അവതരിപ്പിക്കട്ടെ. വരികളിലെ പദങ്ങളുടെപ്രത്യേകത അവരുടെ ശ്രദ്ധയിൽപെടുത്തുമല്ലോ. നിർദ്ദിഷ്ട അക്ഷരങ്ങൾ വരുന്ന പദങ്ങൾ ചേർത്താണ് വരികൾ നിർമ്മിക്കുന്നതെന്ന് ബോധ്യപ്പെടുത്തണം.

ചില വരികൾ ക്ലാസിൽ പൊതുവായി ഉണ്ടാക്കാം.

തുടർന്ന് കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കാൻ ശ്രമിക്കട്ടെ. അവർ തയ്യാറാക്കുന്ന വരികളും എല്ലാവരും ചേർന്നു പാടുമല്ലോ!

## എന്തെല്ലാം എണ്ണകൾ (വർക്ക് ബുക്ക്) പദങ്ങൾ എഴുതാം (വർക്ക് ബുക്ക്)

ഈ രണ്ടു പ്രവർത്തനങ്ങളും മേൽ പ്രവർത്തനത്തിന്റെ തുടർച്ചയായി കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ. അവതരിപ്പിച്ച് മെച്ചപ്പെടുത്താനും തെറ്റുകൾ തിരുത്താനും അവസരം നൽകുമല്ലോ.

## കളത്തിൽ കൂടുതൽ പദങ്ങൾ ചേർക്കാമോ?

ചില്ലക്ഷരങ്ങൾ തിരിച്ചറിയുന്നതിനും ഉറപ്പിക്കുന്നതിനുമുള്ള പ്രവർത്തനമാണിത്. നിർദ്ദിഷ്ട ചില്ലക്ഷരങ്ങൾ വരുന്ന ചില പദങ്ങൾ ക്ലാസിൽ പൊതുവായി പറയാൻ അവസരം നൽകാം. തുടർന്ന് വ്യക്തിഗതമായി എഴുതട്ടെ. കുട്ടികൾ ശേഖരിക്കുന്ന പദങ്ങൾ ബോർഡിൽ /ചാർട്ടിൽ ലിസ്റ്റ് ചെയ്യുന്നതിനും വായിക്കുന്നതിനും അവസരമൊരുക്കണം. ഇതിലൂടെ അക്ഷരതെറ്റുകളും മറ്റും തിരുത്താൻ കുട്ടികൾക്ക് അവസരം ലഭിക്കും.

വർക്ക് ബുക്കിലെ 'പദങ്ങൾ നിർമ്മിക്കാം' എന്ന പ്രവർത്തനവും ഇതിന്റെ തുടർച്ചയായി ചെയ്യട്ടെ.

## കടങ്കഥയുടെ ഉത്തരം പറയാം എഴുതാം

വ്യക്തിഗതമായി കണ്ടെത്തി പറയട്ടെ. ചില നിത്യോപയോഗ സാധനങ്ങളുമായി ബന്ധപ്പെട്ട കടങ്കഥകൾ കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കട്ടെ.

## ചിന്നു കടയിൽ

വിവരണത്തിന്റെ തുടർന്നുള്ള ഭാഗം നേരത്തേ സൂചിപ്പിച്ച പ്രവർത്തന ക്രമം പാലിച്ച് ടീച്ചർ അവതരിപ്പിക്കുമല്ലോ.

## ചിന്നുകടയിൽ നിന്ന് വാങ്ങിയ സാധനങ്ങൾ

നിറങ്ങൾ നോക്കി അക്ഷരങ്ങൾ ക്രമപ്പെടുത്തി കുട്ടികൾക്ക് എഴുതാൻ സാധിക്കുമോ എന്നാണ് ഇവിടെ പരിശോധിക്കുന്നത്. കുട്ടികൾ വ്യക്തിഗതമായി പ്രവർത്തനം ചെയ്ത് ചെറു ഗ്രൂപ്പിൽ പരിശോധിച്ച് മെച്ചപ്പെടുത്തട്ടെ. പൊതുവായി അവതരിപ്പിക്കുകയും പദങ്ങൾ ബോർഡിൽ എഴുതി വായിക്കുകയും ചെയ്യുമല്ലോ.

## വാക്യങ്ങൾ ചേർത്തെഴുതുക. (വർക്ക് ബുക്ക്)

ഒന്നിലേറെ വാക്യങ്ങളെ ചേർത്ത് ആശയം മാറിപ്പോവാതെ ഒറ്റവാക്യമാക്കി പറയുന്നതിനും എഴുതുന്നതിനുമുള്ള പ്രവർത്തനമാണിത്. കുട്ടികൾ മാതൃക നോക്കി പ്രവർത്തനം വ്യക്തിഗത

മായി ചെയ്യട്ടെ. അവതരണ സമയത്ത് മറ്റു ചില ഉദാഹരണ വാക്യങ്ങൾ കൂടി ക്ലാസിൽ പറയാം.

## വരച്ചു ചേർക്കാം

വ്യത്യസ്ത ഇനം കടകൾ പരിചയപ്പെടുന്നതിനും ബന്ധങ്ങൾ കണ്ടെത്തുന്നതിനുമുള്ള പ്രവർത്തനമാണിത്. വ്യക്തിഗതമായി വരച്ചു ചേർക്കട്ടെ. അവതരണ സമയത്ത് ബന്ധങ്ങൾ കൂടി ചർച്ച ചെയ്യുമല്ലോ!

## ചിന്നുവും ഭാസ്കരേട്ടനും

സംഭാഷണത്തിലേക്ക് പോവുന്നതിനുമുമ്പ് സന്ദർഭം ടീച്ചർ സ്വാഭാവികമായ രീതിയിൽ അവതരിപ്പിക്കുമല്ലോ! സംഭാഷണ ഭാഗം ടീച്ചർ വായിച്ച് അവതരിപ്പിക്കുകയും റോൾപ്ലേയായോ മറ്റോ കുട്ടികൾക്ക് അവതരിപ്പിക്കാൻ ക്ലാസിൽ അവസരമൊരുക്കുകയും ചെയ്യാം. കടയിൽ വിൽക്കാവുന്ന സാധനങ്ങളേതെല്ലാമെന്ന് ക്ലാസിൽ പൊതു ചർച്ചയാവാം. തുടർന്ന് കുട്ടികൾ എഴുതട്ടെ.

## വാക്യം നിർമ്മിക്കാം

പരമാവധി വാക്യങ്ങൾ കുട്ടികൾ കണ്ടെത്തി എഴുതട്ടെ. ടീച്ചർ പരിശോധിച്ച് വിലയിരുത്തുമല്ലോ.

# പാഠം 12
# സിന്ധുവിന്റെ കുഞ്ഞുടുപ്പ്

*നിത്യ ജീവിതത്തിലെ അവശ്യ വസ്തുക്കളിൽ ഒന്നാണ് വസ്ത്രം. വസ്ത്രങ്ങൾ പലതരമുണ്ട്. വിവിധ വിലയിലും ഗുണത്തിലും ഫാഷനിലുമുള്ളവ വസ്ത്രധാരണത്തിൽ ഏറ്റവും ശ്രദ്ധിക്കേണ്ടത് വൃത്തിയും മാന്യതയുമാണ്. ശരീര ശുചിത്വം പോലെ തന്നെ പ്രധാനമാണ് ധരിക്കുന്ന വസ്ത്രത്തിന്റെ ശുചിത്വവും. ആരോഗ്യകരമായ ശീലങ്ങൾ ചെറുപ്പം മുതലേ പരിശീലിക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങൾക്കു കൂടി ഊന്നൽ കൊടുക്കുന്നതാണ് ഈ പാഠ ഭാഗം.*

## നേടേണ്ട ശേഷികൾ / ധാരണകൾ

- കവിതകൾ കേട്ടും വായിച്ചും ചൊല്ലിയും ആസ്വദിക്കുന്നതിന്.
- ലഘു വിവരണങ്ങൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- അക്ഷരങ്ങൾ, പദങ്ങൾ പരിചയപ്പെടുന്നതിനും തിരിച്ചറിയുന്നതിനും വായിക്കുന്നതിനും.
- തിരിച്ചറിഞ്ഞ അക്ഷരങ്ങളുപയോഗിച്ച് പുതിയ പദങ്ങൾ, വാക്യങ്ങൾ എഴുതുന്നതിന്.
- പദങ്ങളോടൊപ്പം വിശേഷണ പദങ്ങൾ ചേർത്ത് പറയുന്നതിനും എഴുതുന്നതിനും.
- പദങ്ങൾ ചേർത്ത് ലഘു വാക്യങ്ങൾ നിർമ്മിക്കുന്നതിന്.
- അനുയോജ്യമായ വരികൾ ചേർത്ത് കവിത പൂർത്തീകരിക്കുന്നതിന്.

## മൂല്യങ്ങൾ / മനോഭാവങ്ങൾ

- വസ്ത്രങ്ങൾ വൃത്തിയായി സൂക്ഷിക്കണം.
- നല്ല ശീലങ്ങൾ പാലിക്കേണ്ടതുണ്ട്.

## വ്യവഹാര രൂപങ്ങൾ

കവിത, ലഘുവിവർത്തനം

## ഊന്നൽ നൽകേണ്ട അക്ഷരങ്ങൾ

**ന്ധ, ഛ, ശ്ച**

## പ്രവർത്തനങ്ങൾ

കുട്ടികളുമായി സൗഹൃദ സംഭാഷണമാവാം.

- നിങ്ങൾ ഇപ്പോൾ ധരിച്ചിരിക്കുന്ന വസ്ത്രം ഏതാണ്?
- നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വസ്ത്രം ഏത്?
- ആരാണ് നിങ്ങൾക്കതു വാങ്ങിത്തന്നത്?

ഇത്തരം ചർച്ചകളിലൂടെ സിന്ധുവിന്റ ഉടുപ്പിലേക്ക് എത്താം. കവിത ടീച്ചർ വായനാ പ്രക്രിയ പാലിച്ചുകൊണ്ട് അവതരിപ്പിക്കുന്നു.

## വായിക്കാം (ടെക്സ്റ്റ് ബുക്ക്)

പദക്കാർഡുകൾ പ്രദർശിപ്പിച്ച് ടീച്ചർ പദങ്ങൾ വായിക്കുന്നു. കുട്ടികൾ ഏറ്റു വായിക്കുകയും പുസ്തകത്തിൽ പദം കണ്ടെത്തുകയും ചെയ്യട്ടെ. ടീച്ചർക്കു ശേഷം കുട്ടികൾക്ക് വ്യക്തിഗതമായി പദങ്ങൾ ഉറക്കെ വായിക്കാൻ അവസരം നൽകാം.

### പദങ്ങൾ അക്ഷരങ്ങളാക്കി മുറിച്ച് വായിക്കുന്നു.

ടീച്ചർ അക്ഷരങ്ങൾ ബോർഡിൽ എഴുതുന്നു. ടീച്ചറും കുട്ടികളും അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു. ഓരോ അക്ഷരവും പുസ്തകത്തിൽ കണ്ടെത്തുന്നു. നോട്ടു പുസ്തകത്തിൽ എഴുതുന്നു.

### കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതാം (ടെക്സ്റ്റ് ബുക്ക്)

കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ. ഇവിടെ 'ഝ' എന്ന അക്ഷരത്തനു പകരം 'ഡ' എന്ന അക്ഷരമാണ് നൽകേണ്ടത്. ഝ, ഢ എന്നീ അക്ഷരങ്ങൾ ഇവിടെ പരിശീലിക്കേണ്ടതില്ല.

### വായിക്കാം, എഴുതാം

പാഠപുസ്തകത്തിൽ നൽകിയ പദങ്ങൾ ക്ലാസിൽ ടീച്ചർ അവതരിപ്പിച്ച് വായിക്കാം. ഏതാനും പുതിയ പദങ്ങൾ ക്ലാസിൽ നിന്ന് പൊതുവായി കുട്ടികൾ പറയട്ടെ അവയും ചേർത്ത്.

### വാക്കുകൾ ചേർത്ത് വാക്യങ്ങളുണ്ടാക്കാം

നാമ പദങ്ങൾക്കെല്ലാം വിശേഷണങ്ങൾ ചേർത്ത് പറയാനും എഴുതാനുമുള്ള പരിശീലനമാണ് ഈ പ്രവർത്തനത്തിലൂടെ ലഭിക്കുന്നത്. പുസ്തകത്തിൽ നൽകിയതിനു പുറമെ ലളിതമായ മറ്റു ചില ഉദാഹരണങ്ങൾ കൂടി ടീച്ചർ നൽകുമല്ലോ.

'ഉടുപ്പ്' എന്ന പദത്തോടൊപ്പം പുസ്തകത്തിൽ നൽകിയതിനു പുറമേ ഒരു വിശേഷണപദം കൂടി ക്ലാസിൽ പൊതു ചർച്ചയിലൂടെ ചേർത്ത് അവതരിപ്പിക്കാം.

'ആകാശം' കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ. അവതരിപ്പിച്ച് മെച്ചപ്പെടുത്താൻ അവസരം നൽകണം.

### വായിക്കാം

ടീച്ചർ വായനാ പ്രക്രിയ പാലിച്ച് അവതരിപ്പിക്കുമല്ലോ. അവതരണ ശേഷം കുട്ടികൾക്ക് ക്ലാസിൽ വായിക്കാൻ അവസരം നൽകണം.

നിർദ്ദിഷ്ട അക്ഷരങ്ങൾ പാഠഭാഗത്ത് നിന്ന് കണ്ടെത്തി വലയത്തിലാക്കട്ടെ.

യോജിച്ച പദങ്ങൾ ചേർത്ത് വാക്യമെഴുതുക.

വ്യക്തിഗതമായി എഴുതട്ടെ.

ഗ്രൂപ്പിൽ അവതരിപ്പിച്ച് വിലയിരുത്തട്ടെ.

ക്ലാസിൽ വായിച്ചവതരിപ്പിക്കാൻ അവസരം നൽകുമല്ലോ.

### നല്ല ശീലങ്ങൾ

നല്ല ആരോഗ്യ ശീലങ്ങളെക്കുറിച്ച് ക്ലാസിൽ പൊതു ചർച്ചയാവാം.

നല്ല ശീലങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകത കുട്ടികൾക്ക് ബോധ്യപ്പെടും വിധം ചർച്ച നയിക്കാൻ ശ്രമിക്കുമല്ലോ.

കുട്ടികൾ പറയുന്ന നല്ല ശീലങ്ങൾ ക്ലാസിൽ വായിക്കാം. തുടർന്ന് വ്യക്തിഗതമായി കൂടുതൽ പദങ്ങൾ നോട്ടു പുസ്തകത്തിൽ എഴുതട്ടെ. ക്ലാസിൽ പൊതുവായി അവതരിപ്പിക്കട്ടെ. ടീച്ചർ പരിശോധിച്ച് വിലയിരുത്തുമല്ലോ.

### യോജിച്ച അക്ഷരം ചേർത്ത് പദങ്ങളെഴുതുക

വ്യക്തിഗതമായി പൂരിപ്പിക്കട്ടെ. ക്ലാസിൽ പൊതുവായി അവതരിപ്പിക്കട്ടെ. ബോർഡിൽ എഴുതുകയും വായിക്കുകയും ചെയ്യുമല്ലോ.

## നിങ്ങൾക്ക് എന്തെല്ലാം വസ്ത്രങ്ങൾ ഉണ്ട്

കുട്ടികൾ അവർക്കുള്ള വസ്ത്രങ്ങൾ ഏതെല്ലാം തരമെന്ന് പറയുകയും എഴുതുകയും ചെയ്യട്ടെ. എഴുത്ത് പരിശോധിച്ച് തെറ്റുകൾ തിരുത്താൻ അവസരം ഒരുക്കുമല്ലോ. (ടീച്ചർ ബോർഡിൽ എഴുതിയാൽ കുട്ടികൾക്ക് സ്വയം തിരുത്താൻ അവസരം ലഭിക്കും.)

## വസ്ത്രങ്ങൾ പലവിധം... എഴുതി നോക്കൂ (വർക്ക് ബുക്ക്)

ടെക്സ്റ്റ് ബുക്ക് പ്രവർത്തനത്തിന്റെ തുടർച്ചയായി ഇത് നൽകാം. ഇവിടെ, കുട്ടികൾക്ക് സ്വന്തമായി ഇല്ലാത്ത ഇനം വസ്ത്രങ്ങൾ കൂടി ഉൾപ്പെടുത്താൻ അവസരം ലഭിക്കും.അവതരണത്തിനും വിലയിരുത്തലിനും മെച്ചപ്പെടുത്തുവാനും അവസരം ഒരുക്കുമല്ലോ!

## കളങ്ങളിൽ ഒളിഞ്ഞിരിക്കുന്ന പദങ്ങൾ (വർക്ക് ബുക്ക്)

പദങ്ങൾ കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ. കൈമാറി പരിശോധിക്കുന്നതിനും തെറ്റുകൾ തിരുത്തുന്നതിനും അവസരം നൽകണം. കണ്ടെത്തിയ പദങ്ങൾ ബോർഡിൽ എഴുതി വായിക്കുമല്ലോ.

പൊതുവായി ലിസ്റ്റ് ചെയ്യാം.

കുട്ടികൾ നോട്ടു പുസ്തകത്തിൽ കുറിക്കട്ടെ.

ഇത്തരം ശീലങ്ങൾ പാലിക്കുമെന്ന് തീരുമാനിക്കട്ടെ. പ്രദക്ഷിണം ചെയ്യട്ടെ.

## ഉടുപ്പിന് നിറം നൽകാം

വ്യക്തിഗതമായി നിറം നൽകട്ടെ. ഗ്രൂപ്പിലും ക്ലാസിലും പ്രദർശിപ്പിക്കാൻ അവസരം നൽകാം.

## കവിത പൂർത്തീകരിക്കാം (വർക്ക് ബുക്ക്)

വിവിധ പക്ഷികളുടെ നിറങ്ങളെക്കുറിച്ച് ചർച്ചയാവാം.

കവിത വ്യക്തിഗതമായി വരികൾ ചേർത്ത് പൂർത്തീകരിക്കട്ടെ. ഗ്രൂപ്പിൽ ക്രോഡീകരിച്ച് അവതരിപ്പിക്കട്ടെ.

വർക്ക് ബുക്കിലെ 6-ാമത് പ്രവർത്തനമായി നൽകിയ 'പദങ്ങൾ എഴുതാം' ഈ പാഠഭാഗവുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതില്ല.

## കടങ്കഥയുടെ ഉത്തരം പറയാം, എഴുതാം

വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ.

വസ്ത്രങ്ങളുമായി ബന്ധപ്പെട്ട് വരുന്ന ഇതര കടങ്കഥകൾ ശേഖരിച്ച് അവതരിപ്പിക്കട്ടെ.

## പാഠം 13
# ഉത്സവക്കാഴ്ച

*കേരളം ഉത്സവങ്ങളുടെ നാടാണ്. നെറ്റിപ്പട്ടം കെട്ടിയ കൊമ്പനാനകൾ നിരന്നു നിൽക്കുന്ന ഉത്സവക്കാഴ്ച പതിവാണ്. ഉത്സവ പറമ്പിൽ കച്ചടവസാധനങ്ങളും കളിപ്പാട്ടങ്ങളും വാങ്ങാൻ കിട്ടും, ചെണ്ടമേളം തകൃതിയായി നടക്കും. കലാപരിപാടികൾ ഉണ്ടാകും. അത്തരം ഒരുത്സവ ത്തിന്റെ വിവരണമാണ് പാഠഭാഗം. ജാതി മതഭേദമെന്യേ ഉത്സവത്തിനെത്തുന്നു. സ്നേഹവും സൗഹൃദവും പങ്കുവെക്കുന്ന വേളകളാണ് ഉത്സവകാലം.*

### നേടേണ്ട ശേഷികൾ / ധാരണകൾ

- ഉത്സവങ്ങൾ സൗഹൃദം പുതുക്കുന്ന വേളകളാണ്.
- വിവരങ്ങൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നതിനും എഴുതുന്നതിനും.
- പദങ്ങൾ എഴുതുന്നതിനും ലഘുവാക്യങ്ങൾ എഴുതുന്നതിനും.
- സ്വന്തമായി വാക്യ രചന നടത്തുന്നതിന്.

### മൂല്യങ്ങൾ / മനോഭാവങ്ങൾ

- ആഘോഷ വേളകൾ സൗഹൃദം പുതുക്കുന്നതാവണം.
- പരസ്പരസ്നേഹം, സഹവർത്തിത്തം എന്നിവ വളർത്തണം.

### ഊന്നൽ നൽകുന്ന അക്ഷരങ്ങൾ ചിഹ്നങ്ങൾ

ത്സ ങ്ക ബ്ബ ദ്ദ സ്സ

### പാഠഭാഗത്തേക്ക്

മുൻനിശ്ചയ പ്രകാരം ബലൂണുകളും തോരണങ്ങളും കൊണ്ട് ക്ലാസ്സ് അലങ്കരിക്കാം.

പാഠപുസ്തകത്തിലെ ചിത്രം കുട്ടികൾ നിരീക്ഷിക്കട്ടെ.

- ചിത്രത്തിൽ എന്തൊക്കെ കാണുന്നു?
- എന്തായിരിക്കും അവിടെ നടക്കുന്നത്?
- ഉത്സവത്തിന് എന്തൊക്കെ ഒരുക്കങ്ങൾ നടക്കും?

### ക്ലാസ്സിൽ ചർച്ച നടത്തുന്നു

- ടീച്ചർ ഉത്സവക്കാഴ്ച വിവരിക്കുന്നു
- അപ്പു ഒന്നാം ക്ലാസിലെ കുട്ടിയാണ്.
- അവൻ ഉത്സവത്തിനു പോകാനൊരുങ്ങി
- എന്തൊക്കെ കാഴ്ചകൾ കണ്ടു കാണും?

കുട്ടികളുടെ പ്രതികരണങ്ങൾ പാഠപുസ്തകത്തിലെ വരികളിലേക്ക് ക്രോഡീകരിക്കുന്നു.

പാഠഭാഗം ആദ്യ പേജ് ചാർട്ടിൽ പ്രദർശനം. ടീച്ചറും, കുട്ടിയും വായിക്കുന്നു.

വായിക്കാം എന്ന പ്രവർത്തനത്തിലെ പദങ്ങൾ ബോർഡിലെഴുതുന്നു.

### വായന

ത്സ, ങ്ക എന്നീ അക്ഷരങ്ങൾ തിരിച്ചറിയുന്നു. വായിക്കുന്നു എഴുതുന്നു.

അപ്പു ഉത്സവത്തിന് ആനകളെ കണ്ടു. പിന്നെയോ?

എങ്ങനെയുള്ള ആനകൾ?

മറ്റെന്തെല്ലാം കാഴ്ചകൾ?

അപ്പുവിന്റെ കൂടെ അബ്ബാസും ജബ്ബാറും വന്നിരുന്നു.

അവർ എന്തു ചെയ്തുകാണും? ചർച്ച.

പാഠഭാഗം ചാർട്ടിൽ പ്രദർശനം, വായന.

'വായിക്കാം' പദങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു.

## പാടാം രസിക്കാം

ടീച്ചറും കുട്ടികളും ആംഗ്യത്തോടെ പാട്ടു പാടട്ടെ. ഗ്രൂപ്പായി അവതരിപ്പിക്കട്ടെ.

അപ്പുവും ജബ്ബാറും അബ്ബാസും കലാപരിപാടികൾ നടക്കുന്ന സ്റ്റേജിനടുത്തെത്തി. എന്തൊക്കെ പരിപാടികൾ?

## ചർച്ച

മദ്ദളമേളവും, നൃത്തവും അവർ കണ്ടു.

**പാഠഭാഗവായന** – 'വായിക്കാം' പദങ്ങൾ കണ്ടെത്തി വായന ദ്ദ സ്സ എന്നീ അക്ഷരങ്ങൾ തിരിച്ചറിയുന്നു. എഴുതുന്നു.

## കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതാം (വർക്ക് ബുക്ക്)

പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ. എഴുതുകയും വായിക്കുകയും വേണം.

## പദങ്ങൾ എഴുതാം (വർക്ക് ബുക്ക്)

മാതൃക ടീച്ചർക്ക് നൽകാം. മറ്റ് പദങ്ങൾ കുട്ടികൾ കണ്ടെത്തി എഴുതട്ടെ

## പദങ്ങൾ വായിക്കാം കൂട്ടിച്ചേർക്കാം

പഠിച്ച അക്ഷരങ്ങൾ ചേർന്നു വരുന്ന മറ്റ് പദങ്ങൾ കണ്ടെത്തി വായിക്കാനവസരം. സ്വന്തമായി ഓരോ പദം കൂട്ടിച്ചേർക്കട്ടെ. തുടർന്ന് വർക്കുബുക്കിലെ അക്ഷരങ്ങൾ ചേർത്ത് പദങ്ങളെഴുതാം എന്ന പ്രവർത്തനം ഹോംവർക്കായി നൽകാം.

## യോജിച്ച പദങ്ങൾ തെരഞ്ഞെടുത്തെഴുതാം (ടെക്സ്റ്റ് ബുക്ക്)

കുട്ടികൾ ചിത്രം നിരീക്ഷിക്കുന്നു. പദങ്ങൾ വായിക്കുന്നു. ചിത്രത്തിനു ചേർന്ന പദങ്ങൾ വ്യക്തിഗതമായി കളങ്ങളിൽ എഴുതട്ടെ.

## പൂരിപ്പിക്കുക

പഠിച്ച അക്ഷരങ്ങൾ പ്രയോഗിക്കാനുള്ള അവസരമാണ്. പദങ്ങൾ, അക്ഷരങ്ങൾ എന്നിവ വായിച്ചു കൊടുക്കാം വ്യക്തിഗതമായി പൂരിപ്പിച്ച് അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു.

## യോജിച്ച പദങ്ങൾ ചേർത്ത് വാക്യമെഴുതാം (ടെക്സ്റ്റ് ബുക്ക്)

പദങ്ങൾ ചേർത്ത് ലഘുവാക്യങ്ങൾ എഴുതുന്നതിനുള്ള പ്രവർത്തനമാണിത്.

പ്രവർത്തനത്തിലെ പദങ്ങളും കളങ്ങളിലെ പദങ്ങളും വായിക്കുന്നു. യോജിച്ച പദങ്ങൾ ചേർത്ത് വാക്യം പൂരിപ്പിച്ചെഴുതട്ടെ. അവതരണത്തിനു ശേഷം വിലയിരുത്താം. പൂരിപ്പിച്ചെഴുതട്ടെ.

## പദങ്ങൾ ചേർത്ത് വാക്യങ്ങൾ എഴുതാം (വർക്ക് ബുക്ക്)

മുൻ പ്രവർത്തനത്തിനു തുടർച്ചയായി ഹോംവർക്കായി നൽകാവുന്ന പ്രവർത്തനമാണിത്. ടീച്ചർ വിലയിരുത്തണം

## ചിത്രം നിരീക്ഷിച്ച് വാക്യങ്ങൾ എഴുതാം (വർക്ക് ബുക്ക്)

കുട്ടികൾ ചിത്രത്തിനു നിറം നൽകട്ടെ.

ചിത്രത്തിൽ നിന്ന് പരമാവധി വാക്യങ്ങൾ പറയട്ടെ.

തുടർന്ന് സ്വന്തമായി രണ്ടോ മൂന്നോ വാക്യങ്ങൾ എഴുതട്ടെ.

## കടങ്കവിത

ടീച്ചറും കുട്ടികളും ചേർന്നു ചൊല്ലുന്നു.എന്തിനെപ്പറ്റിയാണ് ഈ പാട്ടിലുള്ളത്. ചർച്ച; രണ്ടു ഗ്രൂപ്പായി ചൊല്ലിയാൽ ഭംഗിയാവും.

## പാഠം 14
# മാനത്തെ ചങ്ങാതിമാർ

*ആശാശം വിസ്മയങ്ങളുടെ ലോകമാണ്. ആകാശക്കാഴ്ചകൾ മുതിർന്നവർക്കും കുട്ടികൾക്കും കൗതുകമുണർത്തുന്നതാണ്. അമ്പിളി മാമൻ കുട്ടികൾക്ക് ആത്മബന്ധമുള്ള ഒന്നാണ്. അമ്പിളി മാമനോട് കുട്ടികൾ ചോദിക്കുന്ന ചോദ്യവും അതിന് അമ്മാവൻ നൽകുന്ന മറുപടിയും എന്ന രൂപത്തിലാണ് ഈ കുട്ടിക്കവിത നൽകിയിട്ടുള്ളത്. കവിതയുടെ ആശയം ഗ്രഹിക്കുന്നതോടൊപ്പം പുതിയ അക്ഷരങ്ങളും പദങ്ങളും പരിചയപ്പെടുന്നതിനും വാക്യങ്ങൾ എഴുതുന്നതിനുമുള്ള അവസരം ഈ പാഠഭാഗത്തിലൂടെ കുട്ടിക്ക് ലഭിക്കേണ്ടതുണ്ട്.*

### ശേഷികൾ / ധാരണകൾ

- ❖ കുട്ടിക്കവിതകൾ കേട്ടും വായിച്ചും ചൊല്ലിയും ആസ്വദിക്കുന്നതിന് അക്ഷരങ്ങൾ, പദങ്ങൾ പരിചയപ്പെടുന്നതിനും തിരിച്ചറിയുന്നതിനും വായിക്കുന്നതിനും.
- ❖ തിരിച്ചറിഞ്ഞ അക്ഷരങ്ങളുപയോഗിച്ച് പുതിയ പദങ്ങൾ, വാക്യങ്ങൾ എഴുതുന്നതിന്.
- ❖ ലഘു കുറിപ്പുകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്.
- ❖ പദങ്ങൾ വിശേഷണങ്ങൾ ചേർത്ത് എഴുതുന്നതിന്.
- ❖ അനുയോജ്യമായ വരികൾ ചേർത്ത് കവിത പൂർത്തീകരിക്കുന്നതിന്.

### മൂല്യങ്ങൾ / മനോഭാവങ്ങൾ

- ❖ ഭൂപ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ

### വ്യവഹാര രൂപങ്ങൾ

കവിത

ലഘു വിവരണം

### ഊന്നൽ നൽകേണ്ട അക്ഷരങ്ങൾ

**ഘ, റ്റ, ക്ഷ, ത്ര**

### പാഠഭാഗത്തേക്ക്

അമ്പിളി മാമനെക്കുറിച്ചോ ആകാശത്തെക്കുറിച്ചോ ഉള്ള കടങ്കഥകൾ അവതരിപ്പിച്ചുകൊണ്ട് തുടങ്ങാം.

(ടീച്ചർക്ക് ഉചിതമെന്ന് തോന്നുന്ന ഏത് പാട്ടോ, കവിതയോ, കടങ്കഥയോ ആവാം)

- ❖ അമ്പിളിയമ്മാവാ താമരക്കുമ്പിളിലെന്തുണ്ട് ....
- ❖ അമ്പിളിമാമന്റെ വീട്ടിലും നമ്മുടെ അമ്മാവൻമാർ ചിലർ പോയിവന്നു.
  അഞ്ചാറു കല്ലുകളത്രേ നമുക്കൊരു സഞ്ചിയിൽ മാമൻ കൊടുത്തയച്ചു.
- ❖ ആന കേറാമല ആടു കേറാമല
  ആയിരം കാന്താരി പൂത്തിറങ്ങി.
- ❖ ..........................................................
- ❖ ..........................................................
- ❖ ..........................................................

- ആരെക്കുറിച്ച് /എന്തിനെക്കുറിച്ചാണ് ഈ പാട്ട്?
- നിങ്ങൾ അമ്പിളിമാമനെ കണ്ടിട്ടുണ്ടോ? ഇഷ്ടമാണോ?
- അമ്പിളി മാമനോടൊപ്പം മാനത്ത് മറ്റാരെല്ലാമുണ്ട്?

ഇത്തരം ചർച്ചകളിലൂടെ പാഠഭാഗത്തേക്ക് കടക്കാം.

## പാഠഭാഗത്തേക്ക്

- ടീച്ചർ കവിത അവതരിപ്പിക്കുന്നു.

(വായനാ പ്രക്രിയയിലെ മുഴുവൻ ഘട്ടങ്ങളിലൂടെയും കടന്നു പോവാൻ ശ്രദ്ധിക്കുമല്ലോ)

## വായിക്കാം

ടീച്ചർ പദങ്ങൾ ബോർഡിൽ എഴുതി വായിക്കന്നു.

കുട്ടികൾ ഏറ്റുവായിക്കുന്നു - വായിക്കുന്ന പദങ്ങൾ പാഠപുസ്തകത്തിൽ കണ്ടെത്തി അടയാളപ്പെടുത്തുന്നു.

കുട്ടികൾക്ക് പദങ്ങൾ ഉറക്കെ വായിക്കാൻ അവസരം നൽകുന്നു.

പദങ്ങൾ അക്ഷരങ്ങളാക്കി മുറിച്ച് അവതരിപ്പിക്കുന്നു.

കുട്ടികൾ വായിക്കുകയും അതിനു ശേഷം അക്ഷരങ്ങൾ എഴുതുകയും ചെയ്യുന്നു. ചിത്രം നോക്കി പദങ്ങൾ വായിക്കാനുള്ള പ്രവർത്തനവും തുടർന്നു നടത്താം.

## കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതാം (വർക്ക് ബുക്ക്)

കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ. ടീച്ചർ പരിശോധിക്കുമല്ലോ.

## പദങ്ങൾ എഴുതാം (വർക്ക് ബുക്ക്)

നിർദ്ദിഷ്ഠ അക്ഷരങ്ങൾ വരുന്ന ഏതാനും പദങ്ങൾ കുട്ടികൾ ക്ലാസിൽ പൊതുവായി പറയട്ടെ.

അവർ പറയുന്ന പദങ്ങൾ ബോർഡിൽ ലിസ്റ്റ് ചെയ്യാം. വായിക്കാം. തുടർന്ന് കൂടുതൽ പദങ്ങൾ കുട്ടികൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതട്ടെ.

## ആകാശത്ത് എന്തെല്ലാം? എഴുതി നോക്കൂ...

ആകാശത്തെ കാഴ്ചകളെക്കുറിച്ച് നേരത്തെ ചർച്ച ചെയ്തിട്ടുണ്ടാവുമല്ലോ.

അവിടെ പറഞ്ഞിരുന്ന കാര്യങ്ങൾ ഓർമ്മിപ്പിക്കാം.

കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ.

അവതരണ സമയത്ത് ബോർഡിൽ എഴുതുകയും കുട്ടികൾക്ക് തെറ്റുകൾ തിരുത്താൻ അവസരം നൽകുകയും ചെയ്യുമല്ലോ.

## പദങ്ങൾ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കാം

മാതൃക നോക്കി കുട്ടികൾ വാക്യങ്ങൾ നിർമ്മിച്ചെഴുതട്ടെ.

ഗ്രൂപ്പിൽ പങ്കുവെച്ച് മെച്ചപ്പെടുത്തട്ടെ.

ക്ലാസിൽ പൊതു അവതരണ സമയത്ത് വാക്യങ്ങൾ ബോർഡിൽ എഴുതാം. വായിക്കാൻ അവസരം നൽകുമല്ലോ.

## വായിക്കാം (ടെക്സ്റ്റ് ബുക്ക്)

വായനാ പ്രക്രിയ പാലിച്ച് ടീച്ചർ അവതരിപ്പിക്കുന്നു.

ടീച്ചറുടെ അവതരണ ശേഷം കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ.

ആശയ ഗ്രഹണം നടന്നുവോ എന്നറിയാൻ ലഘു ചോദ്യങ്ങൾ ചോദിക്കാം.

**പദങ്ങൾ വലയത്തിലാക്കാം**

വ്യക്തിഗതമായി പദങ്ങൾ കണ്ടെത്തി എഴുതട്ടെ.

അവതരണ സമയത്ത് ബോർഡിൽ എഴുതണേ - വായിക്കാനും കുട്ടികൾക്ക് തെറ്റുകൾ തിരുത്താനും അവസരം ഉണ്ടാവുമല്ലോ.

**മാതൃകപോലെ വിശേഷിപ്പിച്ചെഴുതാം**

വിശേഷണ പദങ്ങൾ ചേർത്തെഴുതാനുള്ള പ്രവർത്തനമാണിത്.

ആവശ്യമെങ്കിൽ ചില ഉദാഹരണങ്ങൾ ക്ലാസിൽ അവതരിപ്പിക്കാം.

വ്യക്തിഗതമായി ചെയ്ത ശേഷം ക്ലാസിൽ അവതരിപ്പിക്കട്ടെ.

**വാക്യങ്ങൾ നിർമ്മിക്കാം**

ഏതാനും വാക്യങ്ങൾ ക്ലാസിൽ കുട്ടികൾ പറയട്ടെ.

അവ ബോർഡിൽ എഴുതാം - വായിക്കാം.

പരമാവധി വാക്യങ്ങൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിക്കാം. ക്രോഡീകരിക്കാം.

പൊതുവായി അവതരിപ്പിച്ച് മെച്ചപ്പെടുത്താൻ അവസരം നൽകാം.

**കടങ്കഥ**

ഉത്തരം കണ്ടെത്തി പറയട്ടെ.

സമാനമായ കടങ്കഥകൾ കണ്ടെത്തട്ടെ.

**വരികൾ കൂട്ടിച്ചേർക്കാം**

അനുയോജ്യമായ വരികൾ ചേർത്ത് കവിത പൂർത്തീകരിക്കട്ടെ.

ചെറു ഗ്രൂപ്പിൽ ക്രോഡീകരിച്ച് അവതരിപ്പിക്കട്ടെ.

## പാഠം 15

# നല്ല ആരോഗ്യത്തിന്

*ആരോഗ്യകരമായ ജീവിതത്തിന് നല്ല ആഹാരവും ശുചിത്വ ശീലവും അത്യാവശ്യമാണ്. പതിവായി വ്യായാമം ചെയ്യുന്നതും ആരോഗ്യസംരക്ഷണത്തിന് ആവശ്യമാണ്. ഇത്തരം ശീലങ്ങളും ബോധവും വളരെ ചെറിയ പ്രായത്തിൽ തന്നെ ഉണ്ടാവേണ്ടതുണ്ട്. വ്യക്തി ശുചിത്വത്തോടൊപ്പം പരിസര ശുചിത്വം പാലിക്കുന്നതിനും ആരോഗ്യകരമായ ആഹാര ശീലങ്ങൾ രൂപപ്പെടുത്തുന്നതിനും കുട്ടികൾക്ക് സാധിക്കണം. ഭാഷാ പഠനത്തോടൊപ്പം ഇത്തരം കാര്യങ്ങൾക്കു കൂടി ഊന്നൽ നൽകിക്കൊണ്ടുള്ള പാഠഭാഗമാണിത്. കുട്ടികളിൽ ആരോഗ്യകരമായ ശീലങ്ങൾ രൂപപ്പെടാൻ സഹായിക്കുന്ന തരത്തിൽ ഇതിലെ പ്രവർത്തനങ്ങൾ ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.*

### നേടേണ്ട ശേഷികൾ / ധാരണകൾ

- ലഘു വിവരണങ്ങൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- പദങ്ങൾ, അക്ഷരങ്ങൾ പരിചയപ്പെടുന്നതിനും തിരിച്ചറിയുന്നതിനും വായിക്കുന്നതിനും.
- പരിചിതമായ അക്ഷരങ്ങൾ ഉപയോഗിച്ച് പുതിയ പദങ്ങൾ, വാക്യങ്ങൾ നിർമ്മിക്കുന്നതിന്.
- ആരോഗ്യകരമായ ഭക്ഷണ രീതികൾ, ശുചിത്വ ശീലങ്ങൾ തിരിച്ചറിയുന്നതിന്.
- നിർദ്ദിഷ്ട വിഷയവുമായി ബന്ധപ്പെട്ട് സൂചനാ ബോർഡുകൾ തയ്യാറാക്കുന്നതിന്.
- അനുയോജ്യമായ സംഭാഷണ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് സംഭാഷണം പൂർത്തീകരിക്കുന്നതിന്.

### മൂല്യങ്ങൾ... മനോഭാവങ്ങൾ

- ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ.
- ശുചിത്വ ബോധം.

### വ്യവഹാര രൂപങ്ങൾ

ലഘു വിവരണം.

കുറിപ്പ്.

സംഭാഷണം.

ബോർഡ്, പ്ലക്കാർഡ്.

### ഊന്നൽ നൽകേണ്ട അക്ഷരങ്ങൾ

**യ്യ സ്റ്റ ക്ത പ്ല ർ**

### പ്രവർത്തനങ്ങൾ

മികച്ച ആഹാര ശീലങ്ങളേയും ശുചിത്വ ശീലങ്ങളേയും കുറിച്ച് ക്ലാസിൽ പൊതു ചർച്ചയാവാം.

- എന്തിനാണ് ഭക്ഷണം കഴിക്കുന്നത്?
- നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുന്ന ഭക്ഷണം ഏത്?
- നല്ല ഭക്ഷണം കഴിച്ചില്ലെങ്കിലുള്ള പ്രശ്നമെന്താണ്?
- രോഗം വന്നാൽ നമ്മൾ എന്താണ് ചെയ്യാറുള്ളത്?

- ❖ രോഗം വരാതിരിക്കാൻ എന്തെല്ലാം ചെയ്യാം?

ഇത്തരം ചർച്ചകളിൽ പങ്കെടുത്ത് കുട്ടികൾ സ്വതന്ത്രമായി അഭിപ്രായങ്ങൾ പറയട്ടെ. മികച്ച ആഹാര, ആരോഗ്യ ശീലങ്ങൾ പാലിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടും വിധം ചർച്ചകൾ ക്രോഡീകരിക്കാൻ ശ്രമിക്കുമല്ലോ.

## പാഠഭാഗത്തേക്ക്

ടീച്ചർ പാഠഭാഗം വായനാ പ്രക്രിയ പാലിച്ചുകൊണ്ട് അവതരിപ്പിക്കുന്നു.

## വായിക്കാം

പദക്കാർഡുകളും അക്ഷരക്കാർഡുകളും പ്രദർശിപ്പിച്ച് വായിക്കാം.

കുട്ടികൾ പാഠ പുസ്തകത്തിൽ നിർദ്ദിഷ്ട പദങ്ങളും അക്ഷരങ്ങളും കണ്ടെത്തി അടയാളപ്പെടുത്തട്ടെ. വായിക്കട്ടെ.

## കുത്തുകൾ യോജിപ്പിച്ച് അക്ഷരമെഴുതാം (വർക്ക് ബുക്ക്)

വ്യക്തിഗതമായി ചെയ്യട്ടെ. വായുവിലും മണലിലുമെല്ലാം എഴുതി പരിശീലിക്കാൻ അവസരം നൽകാം.

## യോജിച്ച അക്ഷരങ്ങൾ ചേർത്ത് പദങ്ങൾ എഴുതാം.

അക്ഷരം ചേർത്ത് എഴുതുന്നതിനു മുമ്പ് ശരിയായ പദം ക്ലാസിൽ പറയട്ടെ. അതിനുശേഷം വ്യക്തിപരമായി എഴുതട്ടെ. പരസ്പരം പരിശോധിച്ച് മെച്ചപ്പെടുത്താൻ അവസരം നൽകാം.

പദങ്ങൾ ബോർഡിൽ എഴുതിയും വായിക്കാൻ അവസരം നൽകുകയും ചെയ്യാം.

## പദങ്ങൾ നിർമ്മിക്കാം, പദങ്ങൾ എഴുതാം

നിർദ്ദിഷ്ട അക്ഷരങ്ങൾ വരുന്ന പദങ്ങൾ പറയാൻ ക്ലാസിൽ അവസരമൊരുക്കാം. തുടർന്ന് വർക്ക് ബുക്കിലെ പ്രവർത്തനം വ്യക്തിഗതമായി ചെയ്യട്ടെ. അവതരിപ്പിച്ച് മെച്ചപ്പെടുത്താൻ അവസരം നൽകുമല്ലോ.

## ബോർഡുകൾ വായിക്കാം

ബോർഡുകൾ ചാർട്ടിൽ / കാർഡിൽ എഴുതി പ്രദർശിപ്പിക്കാം. ടീച്ചറും കുട്ടികളും വായിക്കുന്നു.

ഓരോ ബോർഡും തരുന്ന ആശയം / സന്ദേശം എന്ത് എന്ന ലഘു ചർച്ചയും നടത്തണേ.

## രോഗം വരാതിരിക്കാൻ

രോഗം വരാതിരിക്കാൻ സ്വീകരിക്കേണ്ട മാർഗങ്ങളെക്കുറിച്ച് പൊതു ചർച്ചയാവാം. കുട്ടികൾ നിർദ്ദേശിക്കുന്ന ശരിയായ കാര്യങ്ങൾ കൂടെ ഉൾപ്പെടുത്തി നിർദ്ദേശങ്ങളുടെ ഒരു ചാർട്ട് ക്ലാസിൽ തയ്യാറാക്കി പ്രദർശിപ്പിക്കാം. പൊതുവായി വായിക്കാൻ കുട്ടികൾക്ക് ഉൾക്കൊള്ളാവുന്ന തരത്തിൽ ഓരോ പോയിന്റിനെക്കുറിച്ചും ലഘു ചർച്ചയുമാവാം.

## ചേരുംപടി ചേർത്ത് വാക്യമെഴുതുക (വർക്ക് ബുക്ക്)

പട്ടിക പരിശോധിച്ച് പരമാവധി വാക്യങ്ങൾ വ്യക്തിഗതമായി തയ്യാറാക്കട്ടെ.

ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ.

ക്ലാസിൽ പൊതുവായി അവതരിപ്പിക്കട്ടെ.

ആവശ്യമായ തിരുത്തലുകൾ വരുത്താനുള്ള അവസരം ഒരുക്കുമല്ലോ.

## പദങ്ങൾ ചേർത്ത് വാക്യങ്ങൾ എഴുതാം (വർക്ക് ബുക്ക്)

വ്യക്തിഗതമായി ചെയ്യട്ടെ. ക്ലാസിൽ പൊതു അവതരണമാവാം.

## ബോർഡുകൾ തയ്യാറാക്കാം

നിർദ്ദിഷ്ട സ്ഥലങ്ങളിലേക്ക് ആവശ്യമായ ബോർഡുകളിൽ ഉണ്ടാവേണ്ട ആശയങ്ങൾ എന്തെല്ലാമെന്ന് പൊതുവായി ക്ലാസിൽ ചർച്ചയാവാം. തുടർന്ന് വ്യക്തിഗതമായി ബോർഡ് നോട്ടുബുക്കിൽ തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തട്ടെ. മികച്ച ബോർഡുകൾ പ്രത്യേകം കാർഡിൽ / പേപ്പറിൽ എഴുതി നിർദ്ദിഷ്ട സ്ഥലങ്ങളിൽ പ്രദർശിപ്പിക്കട്ടെ. ക്ലാസിൽ പ്രദർശിപ്പിച്ച് വായിക്കാനും അവസരം നൽകുമല്ലോ.

## സംഭാഷണം പൂർത്തിയാക്കാം (വർക്ക് ബുക്ക്)

വ്യക്തിഗതമായി ചെയ്യട്ടെ. ടീച്ചർ പരിശോധിച്ച് വിലയിരുത്തണം. വ്യത്യസ്ത തരത്തിൽ പൂരിപ്പിച്ചവ ക്ലാസിൽ അവതരിപ്പിക്കുമല്ലോ. റോൾ പ്ലേ രൂപത്തിൽ അവതരിപ്പിക്കുന്നതിനും അവസരമൊരുക്കാം.

## ഡോക്ടർ മനുവിനോട് പറഞ്ഞത്

ഡോക്ടർ പറഞ്ഞിരിക്കാൻ സാധ്യതയുള്ള കാര്യങ്ങൾ ചിത്രങ്ങൾ നിരീക്ഷിച്ച് പറയാൻ അവസരം നൽകാം. അതിനുശേഷം അവ എഴുതട്ടെ. അവതരണ സമയത്ത് വാക്യങ്ങൾ ബോർഡിൽ എഴുതുമല്ലോ. വായിക്കാനും അവസരം നൽകാം. കുട്ടികൾ ബോർഡിൽ നോക്കി തങ്ങളുടെ തെറ്റുകൾ സ്വയം തിരുത്തട്ടെ.

## വായിക്കാം കൂട്ടിച്ചേർക്കാം

ഏതാനും പദങ്ങൾ കൂടി പൊതുവായി പറയാൻ അവസരം നൽകാം. ബോർഡിൽ എഴുതാം തുടർന്ന് വ്യക്തിഗതമായി കുട്ടികൾ പദങ്ങൾ ശേഖരിച്ചെഴുതട്ടെ. ക്ലാസിൽ അവതരണത്തിനും പങ്കു വെക്കലിനും അവസരം നൽകുമല്ലോ.

## യോജിച്ച പദം തെരഞ്ഞെടുത്ത് വാക്യമെഴുതുക

വ്യക്തിഗതമായി ചെയ്യട്ടെ

അവതരണത്തിനും തെറ്റുണ്ടെങ്കിൽ തിരുത്താനും അവസരം ഒരുക്കമല്ലോ.

## ചിത്രത്തിനു പകരം പേര് ചേർത്ത് പൂരിപ്പിക്കുക

ആവശ്യമെങ്കിൽ ചിത്രത്തിലെ ജീവികളേതെന്ന് ചർച്ചയാവാം.

പ്രവർത്തനം വ്യക്തിഗതമായി ചെയ്യട്ടെ.

പൊതുവായി അവതരിപ്പിച്ച് ആവശ്യമായ മെച്ചപ്പെടുത്തലുകൾ നടത്താൻ അവസരം നൽകുമല്ലോ.

## പഴഞ്ചൊല്ലുകൾ

വായിക്കട്ടെ. ആശയം ലഘു ചർച്ചയാവാം.

സമാന പഴഞ്ചൊല്ലുകൾ ശേഖരിക്കട്ടെ.

## പാഠം 16

# ഒരുമ തന്നെ പെരുമ

*നാലാം പാഠത്തിലെ ആശയത്തിന്റെ തുടർച്ചയാണീ പാഠം. ഒരുമിച്ചു നിൽക്കുമ്പോഴുള്ള ശക്തി തിരിച്ചറിയുന്നതിനുള്ള പാഠമാണിത്. കഥകൾ കുട്ടികൾക്കിഷ്ടമാണ്. കാട്ടിലെ മൃഗങ്ങളും പക്ഷികളുമെല്ലാം കഥയിലെ കഥാപാത്രങ്ങളാണ്. അക്ഷരപഠനത്തിന് കഥകളും പാട്ടുകളും കുട്ടികൾക്ക് സഹായകമാകണം.*

### കുട്ടി നേടേണ്ട ശേഷികൾ ധാരണകൾ

- കഥകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- അക്ഷരങ്ങൾ തിരിച്ചറിയുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനും.
- കവിതകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും.

### മൂല്യങ്ങൾ, മനോഭാവങ്ങൾ

ഒന്നിച്ചു നിൽക്കുന്നതാണ് ശക്തി എന്ന് തിരിച്ചറിയുന്നതിന്.

### ഊന്നൽ അക്ഷരങ്ങൾ

ഋ ഢ

### പാഠഭാഗത്തേക്ക്

പാഠ ഭാഗത്തെ ചിത്രം നിരീക്ഷിക്കുന്നു

ചിത്രത്തിൽ ഏതൊക്കെ മൃഗങ്ങൾ, പക്ഷികൾ?

എവിടെയാണ് മൃഗങ്ങളുള്ളത്?

തപസ്സു ചെയ്യുന്നത് ആരാണ്?

### ചോദ്യങ്ങൾ ചോദിച്ച് ചർച്ച ചെയ്യുന്നു.

ടീച്ചർ കഥ പറയുന്നു.

തുടർന്ന് പാഠഭാഗം വായിക്കുന്നു. കുട്ടികളും ടീച്ചറും വായിക്കുന്നു.

വായിക്കാം എന്ന പ്രവർത്തനത്തിലെ പദങ്ങൾ വായിക്കുന്നു. പദങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തുന്നു. പദങ്ങൾ ബോർഡിൽ എഴുതി വായനാ പ്രക്രിയയിലൂടെ അക്ഷരം തിരിച്ചറിയുന്നു. എഴുതുന്നു.

### വായിക്കാം (ടെക്സ്റ്റ് ബുക്ക്)

ചിത്രം നിരീക്ഷിച്ച് ചുവടെയുള്ള പദങ്ങൾ വായിക്കുന്നു. പദങ്ങൾ ബോർഡിലെഴുതി വായിക്കുന്നു.

### കുത്തുകൾ യോജിപ്പിച്ച് പദങ്ങളെഴുതാം (വർക്ക് ബുക്ക്)

പ്രവർത്തനം കുട്ടികൾ ചെയ്യട്ടെ. തുടർന്ന് പദങ്ങൾ വായിക്കട്ടെ സ്വന്തമായി നോട്ടുബുക്കിൽ എഴുതട്ടെ.

### പദങ്ങൾ വായിക്കാം (ടെക്സ്റ്റ് ബുക്ക്)

പദങ്ങൾ കുട്ടികൾ വായിക്കുന്നു. ബോർഡിൽ എഴുതുന്നു. അക്ഷരങ്ങൾ തിരിച്ചറിഞ്ഞ്

വായിക്കുന്നു.

## പദങ്ങൾ ചേർത്ത് വാകൃങ്ങൾ നിർമ്മിക്കാം (വർക്ക് ബുക്ക്)

പദങ്ങൾ വായിക്കുന്നു. മൂന്നുകളങ്ങളിലെയും പദങ്ങൾ ചേർത്ത് വാകൃങ്ങൾ നിർമ്മിക്കുന്ന വിധം മാതൃകയിലൂടെ വിശദീകരിക്കുന്നു.പരമാവധി വാകൃങ്ങൾ കുട്ടികൾ ബുക്കിലെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

## വാക്കുകൾ ക്രമപ്പെടുത്തി വാക്യം എഴുതുക (ടെക്സ്റ്റ് ബുക്ക്)

ഒരു വാക്യത്തിലെ പദങ്ങൾ ക്രമം തെറ്റിച്ചെഴുതിയിരിക്കുന്നത് വായിക്കുന്നു. പദങ്ങളുടെ വായനക്ക് ശേഷം പദങ്ങൾ ഏതു ക്രമത്തിലെഴുതിയാൽ അർത്ഥമുള്ള വാക്യം കിട്ടുമെന്ന് ചർച്ച. വാക്യം ക്രമപ്പെടുത്തി ടീച്ചർ എഴുതുന്നു. തുടർന്ന് രണ്ടാമത്തെ വാക്യം കുട്ടികൾ എഴുതട്ടെ ക്ലാസിൽ അവതരിപ്പിച്ച് വിലയിരുത്താം.

## വിട്ടുപോയ കളങ്ങളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് പൂരിപ്പിക്കാം (വർക്ക് ബുക്ക്)

സ്വരാക്ഷരങ്ങളുടെ ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് എഴുതുന്നതിനുള്ള പ്രവർത്തനമാണിത്. പട്ടിക കുട്ടികൾ നിരീക്ഷിക്കട്ടെ.

ഓരോ സ്വരാക്ഷരങ്ങളും സ്വരചിഹ്നങ്ങളും കളങ്ങളിൽ പൂരിപ്പിക്കുന്നു. അവതരിപ്പിക്കുന്നു ചർച്ച മെച്ചപ്പെടുത്തൽ.

## വായിക്കാം രസിക്കാം (ടെക്സ്റ്റ് ബുക്ക്)

ടീച്ചറും കുട്ടികളും ചേർന്നു കവിത വായിക്കുന്നു. ആംഗ്യത്തോടെ തീവണ്ടി പോകുന്ന പോലെ കുട്ടികൾ പാടി അഭിനയിക്കട്ടെ.

## കാഴ്ചകൾ (ടെക്സ്റ്റ് ബുക്ക്)

അക്ഷരമാലാ പാട്ടാണിത്. ടീച്ചറും കുട്ടികളും ചേർന്ന് പാടട്ടെ. അതിനുശേഷം പാഠ പുസ്തകം വായിക്കട്ടെ. സ്വരാക്ഷരങ്ങൾ തിരിച്ചറിയുന്നു. തുടർന്ന് അക്ഷരമാല വായിച്ച് എഴുതട്ടെ.

## മാതൃക നോക്കി അക്ഷരങ്ങൾ പൂർത്തിയാക്കാം. കൂട്ടക്ഷരങ്ങൾ എഴുതാം (വർക്ക് ബുക്ക്)

ഇരട്ടിപ്പ് രണ്ടുതരത്തിലുണ്ട് ഒന്നിനു പിറകെ ഒന്നായിട്ടും ഒന്നിനു താഴെ ഒന്നായിട്ടും. കുട്ടികൾ തിരിച്ചറിഞ്ഞ് പട്ടിക പൂരിപ്പിക്കട്ടെ. വായിച്ചവതരിപ്പിക്കട്ടെ.